THE TRAVANCORE PANCHAYAT BILL

HON'BLE MR. N KUNJURAMAN: I beg to introduce the Travancore Panchayat Bill for consideration by this House.

HON'BLE MR. A. J. JOHN: I second it.

HON'BLE MR. N. KUNJURAMAN: സർ, തിരുവിതാംകൂർ പഞ്ചായത്തു ബിൽ ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തുന്നതിനായിട്ട് ഞാൻ ഹാജരാക്കുന്നു. ഈ ബില്ലിലെ വ്യവസ്ഥകളേയും നിർദ്ദേശങ്ങളേയും പാറി ഏതാനും ദിവസങ്ങൾക്കു മുൻപു ഗവണ്മെൻറു ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്. ആ സ്ഥിതിക്ക് അതിനെപ്പറ്റിയുള്ള വിശദ വിവരങ്ങൾ ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ബില്ലിന്റെ തത്വത്തോടു വിയോജിക്കുന്നവരായി ഈ സഭയിൽ ആരുംതന്നെ ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. തിരുവിതാംകൂറിലെ വിവിധഗ്രാമങ്ങളിൽ അധിവസിക്കുന്ന ലക്ഷോപലക്ഷം ജനങ്ങളുടെ സംതൃപ്തിയും അഭിവൃദ്ധിയുമാണ് ഇവിടത്തെ യഥാർത്ഥ ജനക്ഷേമം എന്നു കരുതുന്നതിൽ തെറ്റില്ല.

അതുപോലെതന്നെ യഥാർത്ഥമായ ജനകീയഭരണം ശ്രദ്ധമെടുക്കേണ്ടതു ഗ്രാമങ്ങളിൽ നിന്നുമാണെന്നു വിശ്വസിക്കുന്നതിലും തെറ്റില്ല. പ്രായപൂർത്തിവോട്ടവകാശത്തിന്മേൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളോടുകൂടിയതും ജനങ്ങളുടെ ശരിയായ പ്രാതിനിധ്യസ്വഭാവമുള്ളതുമായ സ്വയംഭരണസ്ഥാപനങ്ങൾ ഗ്രാമങ്ങളിലുണ്ടാകേണ്ടതു ഏറ്റവും അത്യാവശ്യമാണു. ആ തത്വം ഗവണ്മെൻറിൽ നിന്നും ഏതാനും കൊല്ലങ്ങൾക്കു മുമ്പുതന്നെ സ്വീകരിച്ചിട്ടുള്ളതാണ്. ൧൯൩൦-ലെ പഞ്ചായത്തു് ആക്റ്റു് അനുസരിച്ചും ൧൯൩൯-ലെ വില്ലേജു് യൂണിയൻസ് ആക്റ്റു അനുസരിച്ചും പ്രവർത്തനം നടത്തുന്ന ഇരുന്നൂറിൽ ചിലപഞ്ചായത്തുകൾ ഇന്നു തിരുവിതാംകൂറിലുണ്ടു്. ഈ സമിതികൾ മുഖേനയാണ് ഗ്രാമോദ്ധാരണപ്രവർത്തനവും ഗ്രാമങ്ങളിലെ ഭരണപരമായ കാര്യങ്ങളുടെ നിർവ്വഹണവും ഇതുവരെ ചെയ്തുവന്നിരുന്നതു്. ആ ആക്റ്റുകളിലെ പ്രൊവിഷൻസ് അപര്യാപ്തമാണെന്നാണ് ഇപ്പോൾ കാണുന്നതു്. ഇപ്പോഴത്തെ നിയമമനുസരിച്ചു് വില്ലേജ് പഞ്ചായത്തുകൾക്കും വില്ലേജ് യൂണിയനുകൾക്കും മതിയായ അവകാശങ്ങളോ അധികാരങ്ങളോ ഇല്ല. ആ കുറവിനെ പരിഹരിക്കുന്നതിനു വേണ്ടിയാണ് ഇപ്പോൾ ഈ പഞ്ചായത്തുബില്ലു് ഈ സഭയുടെ മുമ്പാകെ കൊണ്ടുവന്നി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളതു്. ചില പരിമിതികളും ഇതിനകത്തും ഉണ്ടെന്നുള്ളതു ഞാൻ സമ്മതിക്കുന്നു. ചില നിയന്ത്രണങ്ങളും ഈ ബില്ലിലും ഗവണ്മെൻറിൽ നിന്നു ഏർപ്പെടുത്തിയിട്ടുണ്ടു്. അതു വളരെ അത്യാവശ്യമായ സന്ദർഭങ്ങളിലും പഞ്ചായത്തുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു സഹായിക്കുന്ന രീതിയിലാണു് ഏർപ്പെടുത്തിയിട്ടുള്ളതു്. ആ നിയന്ത്രണങ്ങളെല്ലാം എപ്പോഴും നടപ്പിൽ വരുത്തണമെന്നു ഗവണ്മെൻറിനു് ആഗ്രഹമില്ല. അനുഭവജ്ഞാനം കൊണ്ടും പ്രായോഗിക പരിചയംകൊണ്ടുമാണു് അങ്ങനെയുള്ള നിയന്ത്രണങ്ങളും ആവശ്യമാണെന്നു ഗവണ്മെൻറിനു് ബോദ്ധ്യമായിട്ടുള്ളതു്. ഈ ബില്ലിലെ വ്യവസ്ഥകളെപ്പറ്റി പ്രത്യേകം പ്രത്യേകമായി എടുത്തുപറയണമെന്നു് ഇപ്പോൾ എനിക്കു ആഗ്രഹമില്ലെങ്കിലും ഏറ്റവും പ്രധാനപ്പെട്ട ചില വ്യവസ്ഥകളിലേക്കു് ഈ സഭയുടെ ശ്രദ്ധയെ ആകർഷിച്ചു കൊള്ളുന്നു. ഗവണ്മെൻറിൽ നിന്നും സ്ഥാപിക്കുന്ന ഗ്രാമപ്പഞ്ചായത്തുകളുടെ വ്യാപ്തി ഒരു പകുതിയോ അതിൻറെ അംശമോ ഒന്നിലധികം പകുതികളോ അവയുടെ അംശമോ ചേർത്തുണ്ടാക്കാനാണു് ഉദ്ദേശിക്കുന്നതു്. പതിനായിരംവരെ ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ ഏഴു അംഗങ്ങളും പതിനായിരത്തിനുമേൽ ഇരുപതിനായിരത്തിലധികം ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ ഏട്ടു അംഗങ്ങളും ഇരുപതിനായിരത്തിനു മേൽ ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ ഏഴു അംഗങ്ങളും ഉണ്ടായിരിക്കുമെന്നാണു് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. അവയുടെ ഭരണം തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രസിഡൻറും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും അടങ്ങിയ ഒരു ഭരണസമിതിയുമായിരിക്കും നിർവ്വഹിക്കുന്നതു്. പഞ്ചായത്തുകളിൽ അംഗമാകുന്നതിനുള്ള യോഗ്യത ഏഴു വയസാണു്. ഈ ബില്ലിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളില്ലാത്ത ആർക്കും ഏഴു വയസ്സു പ്രായമുണ്ടെങ്കിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കാവുന്നതാണു്. മലയാളമോ, ഇംഗ്ലീഷോ, തമിഴോ എഴുതാനും വായിക്കാനും അറിയാവുന്ന ഏതാരാൾക്കും തെരഞ്ഞെടുപ്പിനു നിൽക്കാൻ അവകാശമുണ്ടു്. തെരഞ്ഞെടുപ്പിനു നിൽക്കുന്ന വാർഡിൽ ആ ആളം ഏഴു ദിവസത്തിൽ കുറയാതെ താമസിച്ചിരിക്കണമെന്നും വ്യവസ്ഥയുണ്ടു്. അയോഗ്യതകളും വിവരിക്കുന്ന ഒരു ഖണ്ഡിക ഈ ബില്ലിൽ ഉണ്ടു്. രാഷ്ട്രീയമായ കുറ്റങ്ങൾക്കോ സാന്മാർഗികഭ്രംശം വരാത്ത മറ്റു ക്രിമിനൽ കുറ്റങ്ങൾക്കോ ശിക്ഷിക്കപ്പെട്ടിട്ടുള്ളവർക്കു് അയോഗ്യത ഉണ്ടായിരിക്കുന്നതല്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഒരു പഞ്ചായത്തിൻറെ കാലാവധി സാധാരണമൂന്നു വർഷമെന്നാണു് ക്ലിപ്തപ്പെടുത്തിയിരിക്കുന്നതു്. പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. N. Kunjuraman]

കളുടെ ഭരണം തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ അടങ്ങിയ ഒരു ഭരണ സമിതിയിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന ഞാൻ നേരത്തേ പറഞ്ഞുവല്ലോ. ഈ ഭരണസമിതികൾക്ക് വിപുലമായ പ്രവർത്തന സാദ്ധ്യതകൾ ഉണ്ട്. ഒരു പഞ്ചായത്തിന് പ്രവർത്തിക്കാൻ ധനം ആവശ്യമാണെന്നുള്ള സംഗതി ഞാൻ പ്രത്യേകം പ്രസ്താവിക്കേണ്ട ആവശ്യമില്ലല്ലോ. ഭരണച്ചിലവിടക്കായി നികുതി ചുമത്തുന്നതിനും പിരിക്കുന്നതിനും പഞ്ചായത്തുകൾക്ക് അവകാശമുണ്ടായിരിക്കും. എന്നാൽ ഈ അവകാശങ്ങൾ കൈവരുത്തുന്നത് ബൈലാസ് പാസാക്കിയായിരിക്കും. ഈ ബില്ലിലെ വ്യവസ്ഥകളെ ഉല്ലംഘിക്കുന്നവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള വ്യവസ്ഥയും ഈ ബില്ലിന്റെ അവസാന ഭാഗത്തു ചേർത്തിട്ടുണ്ട്. പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമായ രീതിയിലുള്ള ഗ്രാമോദ്ധാരണപ്രവർത്തനം നടത്തുന്നതിന് സഹായിക്കുമെന്നു ഗവണ്മെന്റ് വിശ്വസിക്കുന്നു. ഈ പഞ്ചായത്തുകളുടെ പ്രവർത്തനംകൊണ്ടു ഗ്രാമങ്ങൾ സ്വയം പര്യാപ്തമാകുമെന്നും ഗവണ്മെന്റ് പ്രത്യാശിക്കുന്നു. ഈ ബില്ലിന്റെ പൊതുതത്വങ്ങളോടു സഭ പൂർണ്ണമായി അനുകൂലിക്കുമെന്നു വിശ്വസിക്കുന്നതിനോടൊപ്പം ഇതിന്റെ വിശദാംശങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ സെലക്ട് കമ്മറ്റിയിൽ വച്ച് ചെയ്യാവുന്നതാണെന്നും പറഞ്ഞുകൊണ്ടു ബില്ല് സഭയുടെ പര്യാലോചനക്കായി സമർപ്പിച്ചുകൊള്ളുന്നു.

MR. P S. NATARAJA PILLAI: Sir, I welcome the introduction of the Travancore Panchayat Bill. It is a measure that will benefit the people. It is well-known fact that the progress and prosperity of the land mainly depend on the economic development of its rural areas. This was recognised early enough in Travancore and we have the Village Unions and Village Uplift Centres functioning now. As is well-known, the existing legislation on the subject contains certain limitations and shortcomings. I would like to point out that the finance of the Village Panchayats is the most important factor on which, the satisfactory working of these institutions depend. Clauses 15, 52, 56 and 53 deal with finances. Though the right to levy taxes on property, on profession and on entertainment is conceded, I do not think, that will give sufficient funds to work the Panchayats efficiently. The property tax, in addition to the land tax will be a burden to the people.

Now, in Travancore the land revenue system has been reorganised and basic tax has been introduced.

MR. P. T. CHACKO: Sir, on a point of order. My honourable friend is reading from typed copies of which the House is not in possession. I would like to know whether it is given to a member to read from manuscripts which are not circulated to members.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: I allow the Hon'ble Member to refer to his manuscript notes.

MR. P. S. NATARAJA PILLAI: Sir, I was saying that the land revenue system in Travancore has been reorganised lately and the basic tax has been introduced. Now, according to the re-organised land revenue system the burden of land tax has been appreciably reduced and the State is now getting only somewhere about 30 to 40 lakhs of rupees as land revenue. If the Government is pleased to earmark 50 per cent of the Land Revenue and make that a source of permanent revenue to the Village Panchayats and the collection work is also entrusted to these Panchayats, it will be quite sufficient to the steady progressive working of the Village Panchayats. That is, now that we have introduced basic taxation a land revenue of Rs. 35 to 40 lakhs of rupees is.....

HON'BLE MR. V. O. MARKOS: That is not correct.

MR. P. S. NATARAJA PILLAI: My memory is that we must get about Rs. 30 lakhs. What I say is this. Sir, that wherever these Village Panchayats are established under this law, if 50 per cent of the land revenue is earmarked for village panchayats as the nucleus of finance, and if the Panchayat is given the responsibility of collecting the land revenue apart from administering the land revenue law, that will be a source of revenue which will be permanent and on which the Village Panchayats can have permanent lien or interest. In addition to that, they will have the right of imposing property tax to meet their requirements. That is a matter which I request the House to earnestly consider. I hope that Government also will bestow their earnest attention on this aspect of the question. If we could find some 15 to 20 lakhs of rupees for rural development it will ultimately benefit the country as a whole. As far as my knowledge goes, the working of the Village Panchayats in Madras have failed to give good results for want of finance and powers. That is the verdict of all the reports that have come out on the working of the Village Panchayats in Madras. That is a well-known fact. Now, when we have got a national Government, it will be only in the fitness of things, that the basic tax derived from the land should be diverted to rural development which will ultimately benefit the whole population in raising their standard of living.

Then, Sir, coming to another aspect of the question, I would like to point out that the clause which deals with the control of primary education may be remodelled on the lines of the Punjab enactment which has provided thus :—

"The functions assigned in the Punjab in regard to (1) to help the school authorities in the preparation of accurate lists of boys and girls of school going age: (2) to see that all notices served upon people by attendence committee of the schools in a compulsory area are duly complied with by the persons concerned. (3) to encourage regular enrolment and attendence of boys and girls in

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai]

schools by all persuasive measures (4) to provide necessary facilities to schools in the way of playgrounds etc. (5) to organise games and recreations etc. (6) to popularise the village school library etc. (7) to organise and maintain adult literacy centres and leagues (8) to make specific functions of the school successful and useful such as parent's dav etc (9) to arrange for milk and mid-day meal, free of cost for the benifit of poor and underfed students".

These responsibilities have been statutorily placed on the Village Panchayats organised in Punjab. Sir, we know that Punjab is the one area in India where the Village Panchayat system, the rural development scheme, is more successful than any other area. There they have framed legislation and the general conception of that Act seems to be, to make the Village school the nucleus of all social activities and development. When a villiage school is established and compulsory education is also introduced in a village a statutorily organised Village panchayat is established atonce to look to the working of the compulsory education scheme in that village. The collection statistics for the preparation of accurate lists of boys and girls of school-going age, and to see that all notices served upon the parents by the attendance committee of the schools in the compulsory area are duly complied with by the Panchayat.

Sir, in parallel I may say, as a matter of fact, in area where the Travancore Compulsory Primary Education Act is enforced, especially in the Taluks of Thovala and Agasteeswaram, a statutorily established attendance committee is in existence and they are, by rule, given the responsibility of looking to the attendence of the school children ; they are given the responsibility of supervising the mid-day meals; they are given the responsibility of conducting the schools as well. In Punjab the Village panchayat itself is vested with these responsibilities and even greater responsibilities. That is, to provide necessary facilities to schools by way of playgrounds, garden plots, hand pumps for drinking water, compound wall and additional rooms where necessary, so that all these become the duty of the Village panchayat. And if we introduce Compulsory Primary Education these necessities of the school can very easily be attended to by the Village panchayat. That is the idea that has been successfully worked out in Punjab and an attempt in that direction has already been started in Thovala and Agasteeswaram and if Government will only be pleased to implement the above scheme and help it to be successful, the panchayat will be a nucleus for all round rural activity and it will be possible to demonstrate the efficacy of the method that has been tried and found so successful in Punjab.

Another aspect is, we find that Village Panchayats are given the function or the right to control minor irrigation. I think this is one of the activities which has been vested with the Village

LIBRARY ARCHIVES Kerala Legislative Assembly

Panchayat, by the Village Panchayat Act of the Madras Presidency. But I think it will be better if we will make it compulsory on every Panchayat to look after irrigation tanks and channels, repair them every year and levy contribution for it in cash, or kind instead of leaving the matter entirely to the discretion of the P. W. D. and the Revenue authorities as we do at present. There will be local interest, a direct interest in the proper maintenance of the tanks and irrigation canals. If the Village panchayats are given the right of maintaining the tanks and canals in their area in proper order, and if it is made the statutory function with them we can be rest assured that it will be properly attended to. Now, Sir, an application for the repair of a tank in a particular area will lie for years together in some office before it reaches the officer who is in direct charge of that particular tank. But, on the other hand, if the responsibility is vested with the Village Panchayat itself and if there is a breach during monsoon time, it will be immediately attended to and it could be done at a lesser cost. So if we are earnest in having our Village panchayats working efficiently and if we expect them to do their duty, we must give them not only funds but also powers, and in respect of a village, nothing is more necessary or urgent than the question of primary education and irrigation. Therefore only I say, Sir, that these two duties—maintaining of schools in proper order and seeing that the children attend the schools and get all facilities for the working of the compulsory education, and maintaining and repairing and making new tanks and irrigation channels—must be made the primary functions of the Village Panchayats.

Then also Sir, the co-operation of the Villages in the distribution of water under Irrigation Scheme is a very important matter. For example, Sir, wherever we have got irrigation channels and controlled water supply for irrigation purposes, the question of distribution looms very large. In Travancore, where we have got protected water supply for irrigation and mainly in South Travancore, the want of popular co-operation or rather the habit of the P. W. D. in not working in co operation with the people has stood in the way of proper irrigation facilities. The time to open a channel, the necessity for water at a particular area and at a particular time, the days when water must be made available, are all matters which a department cannot properly attend to by itself. It can be done only with the co-operation of the people. So, Sir, wherever there is control of water for irrigation, it will be better if these Panchayats are given the responsibility for the distribution of water. I hope suitable provisions will be included in the Bill when it emerges from the Select Committee.

So far as the Public Health activities of the Village Panchayats are concerned, the supply of drinking water is the most important one. So provisions are drafted in this Bill to vest the control of wells in the Panchayats. It will not solve the problem. The

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai.]

problem is not only control but the finance which the poor local authorities cannot afford, especially in the matter of construction of new wells for drinking water. In Madras in 1939, the year in which water supply was provincialised, Government made themselves responsible for the provision of new sources of water supply and a ten year plan to cover every Village in the Province was drawn up In the same manner a plan must be drawn up in Travancore to supply drinking water in every village where there is scarcity of good drinking water. A plan must be prepared by Government and the whole initial cost must be met by the State and after making drinking water available, powers of control and maintenance may be given to the Village Panchayats. I point out this to the House at this stage, as latter on our Government should not begin to say: All right, water supply scheme has become a Village Panchayat subject, and it must be looked after by the Village Panchayat; that it is the primary responsibility of the Village Panchayat; we have provided in the Act to that effect etc., and therefore, it is the look-out of the village Panchayat to provide drinking water. That answer will not satisfy the people and will not solve the problem. If the problem has to be handled properly, the Government should plan out a water supply scheme for a period, spending the amount that may be necessary to sink new wells and construct water supply schemes and after sinking the wells and after making initial supply, the duty of maintenance and control may be exercised by the panchayats. Why I say all there is that the belief that the responsibility of the Village Panchayat in this matter is complete should not gain ground.

Then Sir, it is a well-known fact that it is the responsibility of the State to provide communications suitable to the needs of the Village. It will never be expected nor will it be urged, that communications will be the responsibility of the Village Panchayat. A system of communications will have to be planned by the Government and will have to be executed by them. The need for industrial and agricultural development, the need for the transport of agricultural and forest produce and the need for giving facilities for distributing and consuming centres are very well known in this country and people have brought it to the notice of the Government. With the poor finance that is available or will be available to the Panchayats, the Village Panchayats will not be able to launch on any scheme of road construction or development. Therefore, all constructions of new roads should be straight away undertaken by Government, and their maintenance within the limits of the village should be handed over to the respective Village Panchayats. A grant must also be given to them for the maintenance of the roads. If it is not possible to give a full grant for the maintenance work, a share of the grant at least to an extent of 70 per cent

LIBRARY ARCHIVES Kerala Legislative Assembly

must be met from the Central P. W. D. and the 30 per cent may be supplimented by the Village Panchayat, and the roads once constructed become the property of Village Panchayat.

As a matter of fact, we know the working of the P. W. D. We have nearly 4 to 5 thousand miles of roads and the maintenance work is done in the most shabbiest manner possible. There are ever so many excuses for that, namely increased cost, want of finance and all those things. But what I feel is that a proper maintenance and maintenance done at proper time will avoid heavy expenditure. When repair has become necessary for a road, you allow that to continue for a number of months so that the whole road becomes unusable. If the responsibility of maintaining the roads within the jurisdiction of a village vested with theVillage Panchayat of the Village the Panchayat will see that the maintenance is done at once. As soon as there is necessity for a repair, the repair will be attended to. Therefore whenever the jurisdiction of a Village Panchayat is fixed up and the roads also taken note of, the maintenance grant to these roads to the tune of about 70 per cent must be allotted to the Village Panchayat and they must be made responsible for the proper maintenance of those roads. Some such provision or rules may be made in the Bill.

Then, Sir, another duty charged on the Village Panchayat is about the adulteration of foodstuffs—the adulteration of foodstuffs has to be prevented—and the Village Panchayat will be the best agency to do that work in the village, i. e., working of the provisions of the food Adulteration Act.

I hope that sufficient emphasis on that aspect of the matter will be placed by the Government and the provisions so drafted as to see that the Village Panchayats take active steps to prevent adulteration of foodstuffs. Generally, Sir, the adulteration of foodstuffs takes place in the rural areas and then filters down to the towns. It would be better to work the provisions of the Food Adulteration Act at source rather than at the end. If the Village Panchayats are vigilant and if they enforce the provisions of the Act in their area, they will be doing a very useful work.

If we look at the bill as a whole, I have to say that it has been drafted very carefully and apart from the financial provisions, The select committee must see that the bill meets the necessities of the case at the present time. I therefore suggested at the very outset land revenue may be earmarked and be made a permanent source of revenue for the Village Panchayats. It may perhaps be urged that there is a provision for contribution. In Clause (55) there is a provision for contribution to the Village Panchayats from the Government, but that is totally inadequate. That will not work. A contribution with a maximum of about Rs. 1,000 and the minimum of not less than half the amount collected by the Village Panchayats will be absolutely inadeqate. Unless we can make provisions for

LIBRARY ARCHIVES Kerala Legislative Assembly

[Mr P. S. Nataraja Pillai.]

expanding the source of revenue available to the village panchayats to enable them to work the Bill will be of no use. I, therefore, plead that the Select Committee may go into the question of providing adequate finance and devise suitable methods. That alone will make the village panchayats useful and successful. If we want the village panchayats to function efficiently and thus help rural development it is our duty to see that village psnchayats have enough funds to work with. Without funds and authority, it will not be possible to make any headway. We can have an act as ornament in our Statute Book and say that we have got a Village Panchayat Act, but that will not solve the problem. I strongly urge for the consideration of this House that the Select Committee must review the financial provisions in the bill and see that the bill comes into law very soon. With these words I support the bill.

MR. PONNARA G. SREEDHAR: സർ. ഈ ബില്ലിന്റെ തത്വത്തോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഇന്നു നിലവിലിരിക്കുന്ന പഞ്ചായത്തു് റഫ്രഷ്മെന്റിൽ അതിപ്രധാനങ്ങളായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്നു കാണിച്ചു് ഉത്തരവാദിത്വസ്ഥാനങ്ങളിൽ പല നിവേദനങ്ങൾ ഇതിനു മുൻപു് ഉണ്ടായിട്ടുണ്ടു്. ഈ അവസരത്തിലെങ്കിലും ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ആ വസ്തുത പെട്ടതിൽ ഈ നാട്ടിലുള്ള സാമാന്യജനത അതീവമായി സന്തോഷിക്കുന്നു. ഈ ഒന്നാം വായനവേളയിൽ ബില്ലിന്റെ ഓരോ വിഭാഗങ്ങളെപ്പറ്റിയും ഞാൻ ക്ലേശകരമായി ചർച്ചചെയ്യണമെന്നു വിചാരിക്കുന്നില്ല. ഫസ്റ്റ്-ാം മാണ്ടു് സ്റ്റേറ്റ് കോൺഗ്രസ്സു് പ്രക്ഷോഭണം ആരംഭിച്ച അവസരത്തിൽ നാട്ടിൻപുറങ്ങളിലുള്ള ഗൃഹസ്ഥന്മാരിൽ കുറേ ആളുകളെയെങ്കിലും സർ സി. പി. യുടെ ഭാഗത്തേക്കു വശീകരിക്കുന്നതിലേക്കു് അവർക്ക് ചില സ്ഥാനമാനങ്ങൾ നൽകുന്നതിനുവേണ്ടി മാത്രമാണു് പഞ്ചായത്തുകളും വില്ലേജ്യൂണിയനുകളും നിർമ്മിച്ചതു്. അല്ലാതെ നാട്ടുകാരുടെ നന്മയെ പുരസ്കരിച്ചല്ലെന്നുള്ളതു് അവരുടെ പ്രവർത്തനത്തിട്ടുള്ള ഏതൊരു വ്യക്തിക്കും അറിയാവുന്നതാണു്. ഞാൻ ഒരു പഞ്ചായത്തിന്റെ പ്രസിഡന്റായി കഴിഞ്ഞ കുറേ വർഷങ്ങളായി കഴിച്ചുകൂട്ടുന്ന ഒരു വ്യക്തിയായതുകൊണ്ടു് ഇപ്പോൾ നിലവിലിരിക്കുന്ന നിയമംകൊണ്ടു് യഥാർത്ഥമായി പൊതുജനങ്ങൾക്കു് ഉപകാരം ചെയ്യുന്നതിനു് ഇന്നു നിലവിലിരിക്കുന്ന നിയമംകൊണ്ടു് സാദ്ധ്യമല്ലെന്നുള്ള വസ്തുത പ്രസ്താവിക്കുന്നതിനെ ബഹുമാനപ്പെട്ട അംഗങ്ങൾ വിശ്വസിക്കണമെന്നപേക്ഷിക്കുന്നു. യാതൊരു ജോലിയും കാര്യമായി ആവശ്യമുള്ള അവസരത്തിൽ ആവശ്യപ്പെടുന്നതനുസരിച്ചു നടത്തുവാൻ നിവർത്തിയില്ലാതാണു് വന്നിരിക്കുന്നതു്;

LIBRARY ARCHIVES Kerala Legislative Assembly

അതിനു പല ഉദാഹരണങ്ങളും എനിക്കു പറയുവാൻ സാധിക്കും. ഈ അവസരത്തിൽ അതെല്ലാം പ്രസ്താവിച്ചു വിലയേറിയ സമയം അപഹരിക്കണമെന്നു ഉദ്ദേശിക്കുന്നില്ല. എങ്കിലും ഒരു വസ്തുത ഈ ബഹുമാനപ്പെട്ട അസംബ്ലിയെ അറിയിക്കുന്നതു് നന്നായിരിക്കുമെന്നു കരുതുന്നു. നെടുമങ്ങാട്ടു് പട്ടണത്തിൽ യാത്രക്കാരുടെ സൗകര്യത്തിനു ഒരു വെയിറ്റിംഗ് ഷെഡ് ആവശ്യമുണ്ടെന്നു കണ്ടിട്ടു അവിടത്തെ പഞ്ചായത്തു ഒരു വെയിറ്റിംഗ് ഷെഡ് കെട്ടുവാൻ തീരുമാനിച്ചു. അതിലേക്കു് പ്ലാനും എസ്റ്റിമേറും തയാറാക്കി അയക്കുന്നതിനു സെക്രട്ടറിയാഫീസർ മൂന്നു മാസക്കാലം എടുത്തു. തുക അനുവദിച്ചുവരുന്നതിനു് മറെറാരു മൂന്നു മാസം വേണ്ടിവന്നു. അത്രയും കാലമായിട്ടും സ്ഥലം വിട്ടുതരുന്നതിനു റവന്യൂഡിപ്പാർട്ടുമെൻറു് വേണ്ട നടപടി എടുത്തു കഴിഞ്ഞിരുന്നില്ല. പഞ്ചായത്തിനു അനുവാദം കിട്ടാതെതന്നെ വസ്തുവിൽ പ്രവേശിച്ചു് ഷെഡ് കെട്ടേണ്ടിവന്നു. അതിനു ഒടുവിൽ ഗവണ്മെൻറിൽനിന്നും എൻറർപേരിൽ നടപടി എടുക്കുകയുണ്ടായി. പ്രസ്തുത ഷെഡ് നന്നാക്കുന്നതിനു് എസ്റ്റിമേറു് തയാറാക്കിഅയച്ചു ഒരു വർഷത്തോളം കഴിഞ്ഞിട്ടു അനുവാദംവന്നു. വന്നയവസരത്തിൽ ഒരു വർഷത്തിനുമുൻപു തയ്യാറാക്കിയ എസ്റ്റിമേറനുസരിച്ചു ജോലിചെയ്യുന്നതിനു ആളില്ലാതെ വന്നിരിക്കയാണു്. ഇപ്രകാരം ഇന്നു നിലവിലിരിക്കുന്ന രൂളുകളുടെ ഉപയോഗശൂന്യത കാണിക്കുന്നതിനു പല ഉദാഹരണങ്ങളും കാണിക്കുവാൻ സാധിക്കും. അതെല്ലാം ഇവിടെ എടുത്തുപറഞ്ഞു കൂടുതൽ സമയം ചെലവാക്കണമെന്നുദ്ദേശിക്കുന്നില്ല. ഇന്നു ഇവിടെ ഹാജരാക്കിയിരിക്കുന്ന ബിൽ മദ്രാസ് പ്രസിഡൻസിയിൽ നിലവിലിരിക്കുന്ന പഞ്ചായത്തു നിയമമനുസരിച്ചു എഴുതിയുണ്ടാക്കിയിട്ടുള്ളതായിട്ടാണു് കാണുന്നതു്. അതുമാത്രമാണു് ഈ ബില്ലിൽ ഞാൻ കാണുന്ന ദൃഷ്യം. മദ്രാസ് പ്രസിഡൻസിയിൽ നിലവിലിരിക്കുന്ന പഞ്ചായത്തു നിയമങ്ങൾ ബ്രിട്ടീഷ്കാർ ഇൻഡ്യയെ ഭരിക്കുന്ന അവസരത്തിൽ നിർമ്മിച്ചതാകുന്നു. അക്കാലത്തു അവർ ആ നിയമം ഉണ്ടാക്കിയതു്, സർ സി. പി. ഇവിടെ നിയമം ഉണ്ടാക്കിയ ഉദ്ദേശം മാത്രമായിരുന്നു. അതിനാൽ ഇവിടെ ഹാജരാക്കിയിട്ടുള്ള ബില്ലിൽ ചില മാറങ്ങൾ വരുത്തേണ്ടതുണ്ടു്. അവയിൽ പ്രധാനങ്ങളായ ചിലതു ഞാൻ പ്രസ്താവിക്കാം. സെക്ഷൻ ഫൈവനുസരിച്ചു് ഒരു ഇടക്കാല ഒഴിവിൽ ഗവണ്മെൻറിൽനിന്നും നേരിട്ടു ആളുകളെ നിയമിക്കാം എന്നു കാണുന്നു. അതു് മാറേണ്ടതു് അത്യാവശ്യമാകുന്നു. ഒരു എലക്ഷൻ നടത്തുന്നതു് അത്ര ബുദ്ധി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Ponnara G. Sreedhar.]

മുട്ടുള്ള ഒരു കാര്യമല്ല. സെക്ഷൻ ഫൈവ് അനുസരിച്ച് പഞ്ചായത്തിനു വേണ്ടിയും, എതിരായും വക്കാലത്തു സ്വീകരിച്ചിട്ടുള്ളവർക്കു പഞ്ചായത്തിൽ സ്ഥാനാർത്ഥിയാകാൻ പാടില്ലാ. ഈ നിയമത്തിന്റെ അർത്ഥം മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ട്. പഞ്ചായത്തിനെതിരായി വക്കാലത്തു സ്വീകരിക്കുന്നവർക്കു സ്ഥാനാർത്ഥിയാകാൻ പാടില്ലെന്നുള്ളതു എന്തു തത്വമടിസ്ഥാനമാക്കിയാണെന്നു മനസ്സിലാകുന്നില്ല. സെക്ഷൻ ഫോർ-ൽ ഉപാം വിഭാഗം എടുത്തുകളയേണ്ടതാണ്. നിയമസഭ ഇലക്ഷനിൽ ഒന്നിൽകൂടുതൽ നിയോജകമണ്ഡലങ്ങളിൽ ഒരു വ്യക്തിക്കു സ്ഥാനാർത്ഥിയായി നിൽക്കാമെന്ന സ്ഥിതിക്കു പഞ്ചായത്തിലും ആ സൗകര്യം അനുവദിക്കേണ്ടതാണ്. ഈവിധം കുറവുകളെയെല്ലാം പൂണ്ടിക്കാണിക്കുന്നതിനു അധികം സമയം വേണ്ടിവരുമെന്നതിനാൽ അതിനു ഞാൻ മുതിരുന്നില്ല. പൂർണ്ണമായും വലുതായ മാറ്റങ്ങളും വരുത്തേണ്ടതുണ്ട്. മാറ്റങ്ങളെല്ലാം സെലക്ട് കമ്മിറ്റിയിൽ വരുത്തുമെന്ന വിശ്വാസത്തിൽ ഞാൻ ബില്ലിനെ പിൻതാങ്ങുന്നു.

MR. PANDAVATHU SANKARA PILLAI: സർ, ഗ്രാമീണജനങ്ങളുടെ ജീവിതത്തെ ഉയർത്തുന്നതിനും അവർക്കു കൂടുതൽ സുഖസൗകര്യങ്ങൾ ലഭിക്കുന്നതിനും ഗവണ്മെന്റ് വേണ്ടതു പ്രവർത്തിക്കാൻ തയാറായതിൽ ഞാൻ സന്തോഷിക്കുന്നു. സാധാരണ ഈ വില്ലേജുപഞ്ചായത്തുപോലുള്ള ഡിപ്പാർട്ടുമെന്റുകളും, അതായതു് വില്ലേജുപഞ്ചായത്തു്, കോർപ്പറേഷൻ, മുതലായ ഡിപ്പാർട്ടുമെന്റുകളും മൈനർ ഡിപ്പാർട്ടുമെന്റുകളായി പ്രവർത്തനം നടത്തുന്നു എന്നു ഒരാക്ഷേപം ഉണ്ടു. സുശക്തമായ ഒരു കേന്ദ്രവും അതേസമയംതന്നെ ഗ്രാമങ്ങൾ ചില യൂണിറ്റുകളായി സുശക്തമായി പ്രവർത്തിക്കുന്നതിനുള്ള അധികാരത്തോടുകൂടി ഉള്ള ഒരു വികേന്ദ്രീകരണവും ഇന്നത്തെ ഗവണ്മെന്റിന്റെ ലക്ഷ്യമെന്നുള്ളതു് സന്തോഷകരമാണ്. പക്ഷെ ഈ ബില്ലിൽ കൊടുത്തിരിക്കുന്ന പല ഭാഗങ്ങളും അതു് കാര്യക്ഷമമാക്കുന്നതിനു് എത്രമാത്രം സാധകമായിത്തീരുമെന്നുള്ളതിനെ സംബന്ധിച്ചു സ്വല്പം അഭിപ്രായവ്യത്യാസം ഉണ്ടു്. ഇതു് സെലക്ട് കമ്മിറ്റിയുടെ പര്യാലോചനക്കു് വിധേയമാക്കിയാൽ തന്നെയും പല കാരണങ്ങളും കൊണ്ടു അതു് പോരാതെയാണിരിക്കുന്നതു്. ജനറലായിട്ടുള്ള ചെലവു കഴിച്ചു ബാക്കിയുള്ള സ്റ്റേറ്റിന്റെ വരുമാനം ഗ്രാമങ്ങളിൽതന്നെ തിരിച്ചുവിടണം. കൂടുതൽ നികുതി ഉണ്ടാക്കിയോ കൂടുതൽ മറ്റു് ആദായമാർഗ്ഗങ്ങൾമൂലം ആദായം വർദ്ധിപ്പിച്ചോ ഉയർത്തുന്ന സ്റ്റേറ്റിന്റെ വരുമാനമത്ത അത്യാവശ്യമായിട്ടുള്ള പൊതു ചെലവിനുവേണ്ടിയുള്ളതുമാത്രം കഴിച്ചു ബാക്കിയുള്ളതു മുഴുവനും ഗ്രാമങ്ങളിലേക്കുതന്നെ കൊടുക്കണമെന്നു പറയുന്നതിൽ വളരെ അർത്ഥമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസം, ഗതാഗതം, കാർഷികാവശ്യങ്ങൾ ഇതെല്ലാം ഈ വില്ലേജ് പഞ്ചായത്തിന്റെ പരിധിയിൽ വരുത്തുകയും അങ്ങനെ ഗ്രാമപഞ്ചായത്തുകളുടെ അധികാരങ്ങളേയും അവകാശങ്ങളേയും, വിപുലമാക്കുകയും ചെയ്തില്ലെങ്കിൽ ഈ ബില്ലുകൊണ്ടു യാതൊന്നും വിശേഷവിധിയായി ഉണ്ടാകാൻ പോകുന്നില്ല. ചില നാട്ടുപ്രമാണികൾക്കും ചില സ്വാധീനശക്തിയുള്ള ആളുകൾക്കും അധികാരികൾക്കും സ്ഥലത്തെ ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ചു യോജിച്ചു ഇന്നത്തെ യൂണിയനിൽ കണ്ടുവരാറുള്ളതുപോലെയുള്ള അസൂഖങ്ങൾ വളർത്തുന്നതിനു മാത്രമേ പ്രാപ്തമാകയുള്ളൂ. അതുകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ അവശ്യമുള്ള ഫൈനാൻസ് കഴിയുന്നതും വർദ്ധിച്ചിരിക്കത്തക്കവണ്ണം സ്റ്റേറ്റിന്റെ പൊതുചെലവു് ഒഴിച്ചുള്ള ചെലവു് ഗ്രാമങ്ങളിൽത്തന്നെ ചെലവാക്കത്തക്കവണ്ണമുള്ള വ്യവസ്ഥ ഉണ്ടാക്കേണ്ടതു അത്യാവശ്യമാണ്.

എന്റെ വ്യക്തിപരമായ അഭിപ്രായം പറയുകയാണെങ്കിൽ സഹകരണപ്രസ്ഥാനത്തെക്കൂടി ഈ ഗ്രാമപ്പഞ്ചായത്തുമായി യോജിപ്പിച്ചുകൊണ്ടുപോകുന്നതു വളരെ നന്നായിരിക്കുമെന്നാകുന്നു. സഹകരണാടിസ്ഥാനത്തിലുള്ള ഒരു സാമ്പത്തിക വ്യവസ്ഥിതിയാണു ഇന്നു ഏറ്റവും അത്യാവശ്യമായിരിക്കുന്നതു്. എന്നാൽ കഴിഞ്ഞകാലംവരെ തിരസ്കൃതമായ ഒരു ഡിപ്പാർട്ടുമെന്റു എന്നപോലെയാണു് ഈ സഹകരണസംഘങ്ങൾ ഇരിക്കുന്നതു്. സാമ്പത്തികമായ അതിന്റെ പ്രവർത്തനങ്ങളിൽ കൂടുതലായി മറ്റു പ്രവർത്തനങ്ങൾകൂടി ഇപ്പോൾ ഈ സഹകരണസംഘങ്ങൾ ഏറ്റെടുത്തു നടത്തിത്തുടങ്ങിയിട്ടുണ്ടു്; ആ നിലയിൽ ഒരു സമഗ്രമായ പരിപാടി ഇതുവരെ സഹകരണസംഘങ്ങൾക്കു ഉണ്ടായിട്ടില്ലെന്നു ഞാനും സമ്മതിക്കുന്നു. അതിന്റെ കുറവുകളോ പോരായ്മകളോ എന്തുതന്നെ അതിനുണ്ടെങ്കിലും ഇതുവരെയുള്ള അതിന്റെ പ്രവർത്തനം ഈ രാജ്യത്തെ അപേക്ഷിച്ചു വളരെ ഭംഗിയായി നടന്നുവരികയാണെന്നുള്ളതു് സമ്മതിക്കാതെ തരമില്ല. സാമ്പത്തികമായ സകല കെട്ടുപാടുകളും, ധനം വ്യയം ചെയ്തുകൊണ്ടുള്ള ഗ്രാമോദ്ധാരണപ്രവർത്തനങ്ങളും എല്ലാംതന്നെ ഒരു സഹകരണാടിസ്ഥാനത്തിൽകൊണ്ടുപോകുന്നതു കാര്യക്ഷമതയെ വർദ്ധിപ്പിക്കുകയെ ഉള്ളൂ. ഇന്നത്തെ സാമ്പത്തിക വിഷമങ്ങൾ തന്നെ ശരിയായ സഹകരണാടിസ്ഥാനത്തിന്മേലുള്ള സമഗ്രമായ പ്രവർത്തനംകൊണ്ടു വറവും എളുപ്പം പരിഹരിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നവനാണു ഞാൻ. ആ നിലയ്ക്കു സഹകരണസംഘങ്ങളെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഈ ബിൽ പാസാക്കേണ്ടതാണെന്നാണു എന്റെ അഭിപ്രായം. അതിലേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Pandavathu Sankara Pillai]

ക്കാവശ്യമുള്ള ഭേദഗതികൾ സെലക്ട് കമ്മിറ്റിയിൽവച്ച് വരുത്തേണ്ടതാണെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളട്ടെ. ഈ ബില്ലിന്റെ ഓരോ ഭാഗത്തെ സംബന്ധിച്ച് വ്യാഖ്യാനിക്കേണ്ട ആവശ്യം ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല. ഞാൻ ഈ ബില്ലിന്റെ തത്വത്തോട് പരിപൂർണ്ണമായി യോജിച്ചുകൊള്ളുന്നു.

MR. K. S. JOSEPH (*Thiruvalla VI—General*) : സർ, വില്ലേജ് സ്വരാജ് എന്ന ആശയംവച്ചുകൊണ്ടു നോക്കുമ്പോൾ വില്ലേജ് പഞ്ചായത്തിന്റെ ഘടനയെപ്പറ്റി ഇതിൽ നിർവ്വചിച്ചിട്ടുള്ളത് തുലോം അപര്യാപ്തമാണെന്നു എനിക്കും തോന്നുന്നു. എന്റെ അഭിപ്രായം സാമാന്യേന, തിരുവിതാംകൂറിലുള്ള ഓരോ പകുതിയും ഓരോ വില്ലേജ് യൂണിറ്റായിട്ട് കാൺസ്റ്റിറ്റ്യൂട്ട ചെയ്യണമെന്നാണ്. ഇതു ഞാൻ പറയുമ്പോൾ എല്ലാ പകുതികളും ആ നിലയിൽ ഒരു യൂണിറ്റായിട്ടു തന്നെ വരുന്നു എന്നു ഞാൻ അർത്ഥമാക്കുന്നില്ല. ചില വലിയ പകുതികൾ കാണും. അതു ചിലപ്പോൾ ഒന്നോ, രണ്ടോ, അഞ്ചോ യൂണിറ്റായിട്ട് കാൺസ്റ്റിറ്റ്യൂട്ട ചെയ്യേണ്ടിവരും അതുപോലെ മുനിസിപ്പാലിറ്റി അതിർത്തികൾ രണ്ടോ മൂന്നോ പകുതികൾ ചേർന്ന സ്ഥലമായിരിക്കാം അവയിൽ ചില കരകൾ മാത്രം ചേർന്നതായും വരാം. അതുകൊണ്ടാണ് ഞാൻ സാമാന്യേന എന്നു പറഞ്ഞത്. അങ്ങനെ സാമാന്യേന ഓരോ പകുതിയും ഓരോ പഞ്ചായത്തു യൂണിറ്റായിട്ടുതന്നെ വരണം. അധികാര വികേന്ദ്രീകരണമാണ് നാം ഇതുകൊണ്ടു പ്രധാനമായി ഉദ്ദേശിക്കുന്നത്. ഓരോ പകുതിയിലും ആവശ്യമുള്ള അധികാരവും സ്വാതന്ത്ര്യവും അതിന്റെ നടത്തിപ്പിനുള്ള ചുമതലയും എല്ലാം അവിടത്തെ ജനങ്ങൾക്കു തന്നെ ഉണ്ടായിരിക്കണം. എന്റെ വിവക്ഷയിൽ സാധാരണ ജീവിതത്തിനാവശ്യമുള്ള സകല സംഗതികൾക്കും പര്യാപ്തമായ ഒരു ചെറിയ യൂണിറ്റായിരിക്കണം ഈ വില്ലേജ് പഞ്ചായത്തു യൂണിറ്റ്. അവിടെ ഒരു വില്ലേജ് ഡിസ്പെൻസറി ഉണ്ടാകണം. ആ പരിധിക്കകത്തുള്ള റയട്സു റോഡുകൾ ഉണ്ടാക്കുക, ഉള്ള റോഡുകൾ സംരക്ഷിക്കുക, മുതലായ ജോലികൾ നിർവ്വഹിക്കുന്നതിനായി ഒരു ഉദ്യോഗസ്ഥൻ അവിടെ ഉണ്ടായിരിക്കണം. ഒരു കാർഷിക ഡെമോൺസ്ട്രേട്ടർ അവിടെ വേണം. ആ ഡെമോൺസ്ട്രേട്ടരുടെ ജോലി ഇന്നു കാലത്തു ഇവിടെ പറഞ്ഞ ജോലിയല്ല. ഓരോ വില്ലേജിലും പറ്റിയ കൃഷികൾ ഏതെല്ലാം, അവ ഭംഗിയായും, സമൃദ്ധിയായും വിളയിക്കുന്നതെങ്ങനെ, എന്നിങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള കാര്യങ്ങളിൽ അവിടെയുള്ള സാമാന്യജനങ്ങൾക്കുവേണ്ട ഉപദേശം നൽകുകയും ഒന്നോ രണ്ടോ ഏക്കർ സ്ഥലത്തു ശാസ്ത്രീയമായ നിലയിൽ കൃഷി ചെയ്തു നടത്തി മറ്റുള്ളവർക്ക് മാതൃക കാണിച്ചുകൊടുക്കത്തക്ക നിലയിൽ പ്രവർത്തിക്കുകയും ചെയ്യണം. അതായിരിക്കണം ഈ ഡിമോൺസ്ട്രേറ്ററുടെ ജോലി. ഇപ്പോൾ തിരുവനന്തപുരത്തും മറ്റു സ്ഥലങ്ങളിലും ഉള്ളതുപോലെ ഒരു രൂപയിൽ താഴെ വരുന്ന തുകയ്ക്കുള്ള കേസുകൾ നടത്തുവാൻ ഉള്ള വില്ലേജുപഞ്ചായത്തു കോടതികളും അവിടെ ഉണ്ടായിരിക്കണം. ഇങ്ങനെ ഈ രാജ്യത്തെ എല്ലാ വിധ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന ഒരു യൂണിറ്റായിട്ടാണ് ഈ വില്ലേജുപഞ്ചായത്തു യൂണിറ്റിനെ ഞാൻ വിഭാവന ചെയ്യുന്നത്. സ്കൂൾകാര്യംതന്നെയും ഗവണ്മെൻറിന്റെ നേരിട്ടുള്ള പ്രവർത്തനത്തിൽ ഇരിക്കുന്നവയെ എടുത്തു ഈ വില്ലേജുപഞ്ചായത്തു യൂണിയൻ മുഖേന നടത്തുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. തിരുവിതാംകൂറിലെ എല്ലാ പ്രകൃതികളിലും ഓരോ യൂണിറ്റു ഉണ്ടായിരിക്കുവാൻ വ്യവസ്ഥ ചെയ്യേണ്ടതാണ്.

അങ്ങനെ പ്രവർത്തിക്കേണ്ടതായിരിക്കുന്ന വില്ലേജ് യൂണിറ്റുകൾക്കു അവർ പിരിക്കുന്ന പണം വളരെ പോരാതെവരും. ബ്രിട്ടണിൽ ലോക്കൽ സെൽഫ് ഗവണ്മെൻറുകൾക്ക് കൊടുത്തുവരുന്നതുപോലെ സൃഷ്ടിപരമായ കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ ആവശ്യമുള്ള ധനം ഗവണ്മെൻറ് കടമായി ഈ വില്ലേജ് യൂണിറ്റുകൾക്ക് കൊടുക്കുവാൻ വേണ്ടി വ്യവസ്ഥ ചെയ്യേണ്ടതാണ്. ഏതെങ്കിലും ഒരു വില്ലേജിൽ കൂടിക്കുവാൻ വെള്ളം ഇല്ലെന്നിരിക്കട്ടെ. അവിടെ കുറെ കുഴൽക്കിണറുകൾ ഉണ്ടാക്കേണ്ടതായ ആവശ്യമുണ്ട്. എന്നാൽ അതിനു വേണ്ട പണം ആ വില്ലേജ് യൂണിറ്റിനില്ല. അങ്ങനെ വരുന്ന അവസരത്തിൽ ഗവണ്മെൻറിൽ നിന്നും ലോൺ കൊടുക്കുകയും അതു വീട്ടുന്നതിനു വ്യവസ്ഥ ചെയ്യുകയും വേണം. ഇപ്പോൾ ഈ ബില്ലിൽ ൫൦൦൦ രൂപാവരെ കടം കൊടുക്കുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നതു തീരെ പോരാതെയാണിരിക്കുന്നതു്.

ചില ഘട്ടത്തിൽ വില്ലേജ് യൂണിയന്റെ ഭരണം രണ്ടു കൊല്ലത്തേക്ക് സൂപ്പർസീഡു ചെയ്യുവാനുള്ള അധികാരം ഗവണ്മെൻറിനുണ്ടെന്നു ബില്ലിൽ കാണുന്നു. അതും ശരിയല്ല. പല അവസരങ്ങളിലും നമ്മുടെ വില്ലേജുകളിൽ കക്ഷിവഴക്കുകൾ നിമിത്തവും മറ്റും ഭരണക്കുഴപ്പം ഉണ്ടായേക്കാമെന്നു ഞാനും സമ്മതിക്കുന്നു. അങ്ങനെയുള്ള ഘട്ടങ്ങളിൽ ഒരു രക്ഷാവ്യവസ്ഥയായിട്ടായിരിക്കാം ഇങ്ങനെ വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr K S Joseph]

എന്നാൽ ഞാൻ പറയുന്നതു അങ്ങനെ വരുന്ന അവസരത്തിൽ സൂപ്പർ സീഡു ചെയ്യുകയല്ല വേണ്ടതു്, പുതിയ തിരഞ്ഞെടുപ്പുതന്നെ നടത്തി ഭരണം അവരെ ഏൽപിക്കുകയാണു വേണ്ടതു്.

മറെറാന്നു എനിക്കു പറയുവാനുള്ളതു് യാതൊരു കാരണവശാലും, പണസംബന്ധമായ കാര്യങ്ങൾക്കും മറും ആവശ്യമുള്ള ചുമതല ഏൽക്കുവാനും കാര്യങ്ങൾ നിർവ്വിഘ്നം നിർവ്വഹിക്കുവാനും ആയി ഒരു എക്സിക്യൂട്ടീവു ആഫീസർ ഒഴികെ ബാക്കി നിയുക്തിയുള്ളിടത്തോളം ഉദ്യോഗിക മെമ്പറന്മാർ ഒരു വില്ലേജു പഞ്ചായത്തു യൂണിയന്റെ എക്സിക്യൂട്ടീവു കമ്മിറിയിൽ ഉണ്ടായിരിക്കരുതെന്നാണു്. ഈ നാട്ടിൽ നിശ്ശുപണത്തിനല്ലാതെ ഉത്തരവാദിത്വം ഏറെറടുക്കുന്നതിനു ആളുകൾ ഇല്ലാത്ത ഒരു കാലമാണിതു്. നമ്മുടെ ഉത്തരവാദിത്വം എന്താണെന്നു അറിയുന്നതിനും അതു ഏറെറടുക്കുന്നതിനും ഉത്തമമായ ഒരു മാർഗ്ഗം കൂടിയാണു ഈ പഞ്ചായത്തു പ്രവർത്തനം. ഈ യൂണിറുകളുടെ പ്രവർത്തനത്തിൽ കൂടി നാം ശരിയായി മുന്നോട്ടുപോകുമെങ്കിൽ സെൻട്രൽ ഗവർണ്മെൻറിന്റെ പ്രവർത്തനത്തിനുപോലും അയയ്ക്കുവാൻ തക്കവണ്ണം നമ്മുടെ ആളുകൾക്കു വേണ്ട പരിശീലനം കൊടുക്കുന്നതിനുള്ള ഒരു സ്ഥാപനം കൂടി ആയിരിക്കും ഇതു്. അതുകൊണ്ടു ഈ സ്വയംഭരണസ്ഥാപനം എത്രത്തോളം സമ്പൂർണ്ണമാക്കാമോ, അത്രത്തോളം സമ്പൂർണ്ണമാക്കി അധികാര വികേന്ദ്രീകരണം കഴിവുള്ളിടത്തോളം സാധിച്ചുകൊടുത്തു ഈ രാജ്യത്തെ വില്ലേജുപഞ്ചായത്തു യൂണിറുകൾ പ്രവർത്തനം വിജയകരമാക്കിത്തീർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. A. P. UDAYABHANU : സർ, വില്ലേജുപഞ്ചായത്തു ബില്ലിന്റെ ആവശ്യകതയെപ്പറ്റി ഒരു പ്രസംഗം ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ നമ്മുടെ മുൻപിലിരിക്കുന്ന ഈ ബില്ലിനെപ്പറ്റി സംസാരിക്കേണ്ട ആവശ്യമുണ്ടു്. വില്ലേജുപഞ്ചായത്തു്, ജനാധിപത്യഭരണത്തിനു വളരെ ആവശ്യമായ, ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമാണെന്നുള്ള തത്വം നാം അംഗീകരിച്ചിരിക്കുകയാണു്. നാം ഇന്നു് അധികാരത്തിന്റെ വികേന്ദ്രീകരണത്തെപ്പറ്റി വളരെയൊക്കെ കേൾക്കുന്നുണ്ടു്. യു. പി-യിൽ വില്ലേജുപഞ്ചായത്തു അതായതു് ജനസഭ ഏർപ്പെടുത്തി അവിടത്തെ ഭരണം നടത്തുന്നതിനുള്ള ആളുകളെ തിരഞ്ഞെടുത്തുകൊണ്ടിരിക്കുന്ന വിവരമാണിപ്പോൾ. യു പി-യിൽ വില്ലേജുപഞ്ചായത്തു തത്വത്തിൽ ഓരോ "ജനപദത്തെ" സ്ഥാപിക്കുകയാണു ചെയ്തതു്. ഓരോ ജനപദത്തിന്റെയും വ്യാപ്തി ഓരോ വില്ലേജുകളിൽ ചെന്നു

LIBRARY ARCHIVES Kerala Legislative Assembly

ലയിക്കുന്നതുകൊണ്ടാണ് അവിടെ പ്രവർത്തിച്ചു വരുന്നത്. അതു പോലെയുള്ള അർത്ഥത്തിലും വ്യാപ്തിയിലും ഒരു വില്ലേജുപഞ്ചായത്തു ബിൽ നിയമമാക്കുന്നതിനുള്ള നടപടികളാണ് ഇവിടെ നമ്മളും എടുത്തിരിക്കുന്നത്. എന്നാൽ ഇങ്ങനെയുള്ള ഒരു ബിൽ ഒരു ജനതയുടെ വാസയോഗ്യത്തിനും അനുകൂലമായ വിധത്തിൽ കൊണ്ടുവരേണ്ടതു് അത്യാവശ്യമാണ്. ഇന്നു ലോക്കൽ സെൽഫ് ഗവണ്മെൻറുകളെപ്പറ്റി നാം ധാരാളം കേൾക്കാറുണ്ട്. അങ്ങനെയുള്ള ലോക്കൽ സെൽഫ് ഗവണ്മെൻറുകൾ ഇംഗ്ലണ്ടിലും അതുപോലെയുള്ള ജനാധിപത്യരാജ്യങ്ങളിലും നിലവിലിരിപ്പുണ്ട്. ഇംഗ്ലണ്ടിൽ സമാധാനത്തെ പരിപാലിക്കുക എന്നുള്ള പ്രാഥമികതത്വത്തെ അടിസ്ഥാനമാക്കിയാണ് അവിടുത്തെ കൗണ്ടികൗൺസിൽ ഉണ്ടാക്കിച്ചിട്ടുള്ളതു്. ഏറ്റവും ക്രൂരമായ ജനാധിപത്യപരമായ സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നതും അവിടെയാണ്. ഇങ്ങനെയുള്ള ഒരു വില്ലേജു് സ്വയംഭരണസ്ഥാപനത്തിനു മൊന്നാമതായും പ്രധാനമായും വേണ്ടതു അംഗങ്ങളെ തിരഞ്ഞെടുക്കണമെന്നുള്ളതാകുന്നു. അതിനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടു്. രണ്ടാമത്തെ കാര്യം അതിലേക്കാവശ്യമായ ധനശക്തിയുണ്ടായിരിക്കണമെന്നുള്ളതാണ്. അക്കാര്യത്തിൽ നമ്മുടെ മുൻപിലിരിക്കുന്ന ബിൽ ഒട്ടും തന്നെ സഹായകരമല്ല.

സർ, ഇതിനേക്കാൾ എല്ലാം പ്രധാനമായി എനിക്കു പറയാനുള്ളതു്, ഇതുപോലെ ജനാധിപത്യഭരണത്തിൽ അധിഷ്ഠിതമായതും അധികാരവികേന്ദ്രീകരണം സാധിച്ചുകൊടുക്കപ്പെട്ടതുമായ നമ്മുടെ തദ്ദേശീയ സ്വയംഭരണസ്ഥാപനങ്ങളെ സംബന്ധിക്കുന്ന ഒരു ബിൽ ഉണ്ടാക്കുമ്പോൾ അത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനവും രീതിയും എന്തായിരിക്കണമെന്നുള്ളതിനെപ്പറ്റി ഒരു പൂർണ്ണചിത്രം ഈ ബില്ലിന്റെ പ്രയോക്താക്കൾക്കു കാണേണ്ടതാണ്. അങ്ങനെ ഒരു ചിത്രം ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിക്കുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. എന്താണ് ഈ വില്ലേജുപഞ്ചായത്തുകൊണ്ടു ഉണ്ടാകാൻ പോകുന്നതു്? അതു ഈ രാജ്യത്തു എങ്ങനെയാണ് പ്രവർത്തിക്കേണ്ടതു്? എന്നിങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി സമഗ്രമായ ഒരു ബോധം അല്ലെങ്കിൽ ഒരു ഭാവന ഉണ്ടാക്കുവാൻ ഈ സഭ മുൻപാകെ ഈ ബില്ലുകൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിക്കു സാധിച്ചിട്ടില്ലെന്നാണ് എന്റെ വിശ്വാസം. സർ, ഫൻർവ്വ ജൂലൈ ഫ്രഞ്ചാംസ്- മിസ്റ്റർ സി. കേശവൻ ഈ സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ച ഒരു ബിൽ എന്റെ കയ്യിൽ ഇരിപ്പുണ്ട്. അതിനുശേഷം മി. കുഞ്ഞുരാമൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udaybanu]

ഇപ്പോൾ മറെറാരു ബില്ലു അവതരിപ്പിച്ചിരിക്കുന്നു. ആദ്യത്തെ ബില്ലു് ഔപചാരികമായി അവതരിപ്പിച്ചിട്ടുള്ളതല്ല എങ്കിലും ഇപ്പോൾകൊണ്ടു വന്ന ബില്ലിൽ ആദ്യത്തെ ബില്ലിൽനിന്നു ചില വ്യതിയാനങ്ങൾ വരുത്തിയിരിക്കുന്നു അ വ്യതിയാനങ്ങൾ എന്തുകൊണ്ടുവന്നു എന്നു എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല അതിൽ ഏറവും പ്രധാനമായ ഒരു വ്യതിയാനമായി എനിക്കു തോന്നിയതു, ആദ്യത്തെ ബില്ലിൽ പഞ്ചായത്തു ആഫീസർക്കു വച്ചിരുന്ന എക്സിക്യൂട്ടീവു അധികാരം രണ്ടാമത്തെ ബില്ലിൽ മാറിയിരിക്കുന്നു എന്നുള്ളതാണു്.

അതുപോലെതന്നെ ബില്ലിന്റെ നാലാം ചാപ്റ്ററിൽ പഞ്ചായത്തിലേക്കു ഏറവും പരിമിതമായ രീതിയിൽ നികുതി ഈടാക്കി പഞ്ചായത്തുഫണ്ടു് ഉണ്ടാക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. രണ്ടു പ്രധാനസംഗതികൾ സ്വയംഭരണസ്ഥാപനത്തിന്റെ ശ്രമത്തെ ബാധിക്കുന്നുണ്ടു്. ഈയവസരത്തിൽ വില്ലേജു പഞ്ചായത്തുകളിൽ വളരെക്കാലം പ്രവർത്തിച്ചു് അതിന്റെ നേതൃത്വം വഹിച്ചിരുന്ന ശ്രീ. ഗോപാലസ്വാമിഅയ്യങ്കാരുടെ ഒരു പ്രസ്താവനയിലെ ഒരു ഭാഗം വായിക്കുവാൻ ഞാനാഗ്രഹിക്കുന്നു. "Village Panchayat, need for directions guidance and supervision from above in orderly development prompt weeding of undesirable elements and influences എന്നാണു് അദ്ദേഹം പറഞ്ഞിരിക്കുന്നതു്. വില്ലേജുപഞ്ചായത്തുകൾ ശരിയായി പ്രവർത്തിച്ചു് പുരോഗമിക്കണമെന്നുണ്ടെങ്കിൽ അതിനുണ്ടാകാവുന്ന ന്യൂനതകളെ ഇല്ലാതാക്കത്തക്കവണ്ണം ആവശ്യമായ നിയന്ത്രണം ഗവണ്മെൻറു് നടത്തേണ്ടതാണു്. ഇന്നു് യു. പിയിൽ നടപ്പിലിരിക്കുന്ന ജനപദങ്ങളുടെ പ്രവർത്തനത്തിൽ പരിശീലനം നൽകുന്നതിനു് പ്രത്യേകകേന്ദ്രങ്ങൾ തെരഞ്ഞെടുത്തു് അവിടെ പ്രഗല്ഭരും കഴിവുള്ള ചെറുപ്പക്കാരെ എടുത്തു് അവർക്കു കാര്യക്ഷമമായ പരിശീലനം കൊടുത്തിട്ടു് അവരെ അയച്ചാണു് ഈ ജനപദങ്ങൾ പ്രവർത്തിപ്പിക്കുന്നതു്. ഇപ്പോൾതന്നെ അവിടത്തെ ജനപദങ്ങളിൽ പ്രവർത്തിക്കുവാൻ വളരെ നല്ലതും വിലയുമുള്ള ഉദ്യോഗസ്ഥന്മാരെ എക്സിക്യൂട്ടീവ് അധികാരികളായി അയക്കുന്നു ഈ വസ്തുതയും നാം പ്രത്യേകം ഓർക്കേണ്ടതാണു്. ഇവിടെ ഇതുവരെ വില്ലേജുയൂണിയൻ എന്നു ഒന്നു മാത്രമേയുണ്ടായിരുന്നുള്ളു. മുനിസിപ്പാലിറ്റിപോലെയുള്ള സ്ഥാപനങ്ങളും ഉണ്ടായിരുന്നു. നാട്ടിൻപുറത്തു താമസിക്കുന്നവരെക്കാൾ നഗരവാസികൾ നാഗരികതയുള്ളവരാണെന്നാണല്ലോ വയ്പ്പു്. അങ്ങനെയുള്ള നഗരസഭകളിൽപോലും എക്സിക്യൂട്ടീവ് അധികാരികളെ നിയ

LIBRARY ARCHIVES Kerala Legislative Assembly

മിച്ചിട്ടുണ്ട്. അങ്ങനെ മുഴുവൻസമയവും ജോലിചെയ്യാൻ പ്രാപ്തന്മാരായ ഉദ്യോഗസ്ഥന്മാരെ ഈസ്ഥാപനങ്ങളിൽ നിയമിക്കുകയെന്നുള്ളതു് പരിഷ്കൃതരാജ്യങ്ങൾ സ്വീകരിച്ചിട്ടുള്ള ഒരു നടപടിയാണു്. അങ്ങനെയുള്ള ഒരു വ്യവസ്ഥക്രുടി ശ്രീ. സി. കേശവന്റെ പഞ്ചായത്തുബില്ലിൽ ഉണ്ടായിരുന്നു. ഇന്നത്തെ ഈ ബില്ലിൽ അങ്ങനെയുള്ള ഒരു വ്യവസ്ഥ കാണുന്നില്ല. എക്സിക്യൂട്ടീവ് അധികാരികളുടെ മേൽയാതൊരു നിയന്ത്രണവും ആവശ്യമില്ലെന്നു ഞാൻ പറയുന്നില്ല. അവർ പഞ്ചായത്തിനോടു ഉത്തരം പറയാൻ കടപ്പെട്ടവരായിരിക്കണം. ബഡ്ജറ് തയ്യാറാക്കുക ഗ്രാമങ്ങളെ അഭിവൃദ്ധിപ്പെടുത്തുവാനുള്ള പ്ലാൻ തയ്യാറാക്കുക ഇതുസംബന്ധിച്ചുള്ള മുമതലകൾ അവർ നിർവഹിക്കേണ്ടതാണു്. എന്നാൽ അതിനു പ്രത്യേകം പരിശീലനം സിദ്ധിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കണം. ജോലിക്കുറവുള്ള സ്ഥലങ്ങളാണെങ്കിൽ രണ്ടു മുന്നുജനപദങ്ങൾക്കു കൂടി ഒരു എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനെ നിയമിച്ചാൽ മതി. അങ്ങനെ മുഴുവൻ സമയവും ജോലി ചെയ്യുകയും ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരെ വേണമെന്നാണു് എന്റെ അഭിപ്രായം. മദ്രാസിലെ പഞ്ചായത്തു പ്രവർത്തനത്തെക്കുറിച്ചു് എഴുതിയിരിക്കുന്ന ഒരു പുസ്തകത്തിൽതന്നെ ഈ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്റെ ആവശ്യം പ്രത്യേകം പറഞ്ഞിട്ടുണ്ടു്. ഇംഗ്ലണ്ടിലെ കൗണ്ടി കൗൺസിലിൽപോലും എക്സിക്യൂട്ടീവ് ആഫീസർക്കു സമമായ county clerks ഉണ്ടു്. അവിടുത്തെ കൗണ്ടികൗൺസിലിനു് ഇഷ്ടംപോലെ അവരെ നീക്കുന്നതിനോ പിരിച്ചുവിടുന്നതിനോ സാദ്ധ്യമല്ല. അങ്ങനെയുള്ള അവസരങ്ങളിൽ അവിടെ ഇടപെടുന്നതിനും അങ്ങനെയുള്ള നടപടികളെ വീറോ ചെയ്യുന്നതിനുള്ള അധികാരം ഹോം ഗവണ്മെന്റിനുണ്ടായിരിക്കും. ഇനി നാം ഒരു സംഗതി ഓർക്കണം. ജനാധിപത്യപരമായ ഗവണ്മെന്റു് എന്നു് പറയുമ്പോൾ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിന്മേൽ തെരഞ്ഞെടുത്ത ഗവണ്മെന്റു് എന്നാണു് അർത്ഥം. ജനാധിപത്യപരമായി പ്രവർത്തിക്കുന്ന ഏതു ഗവണ്മെന്റും അതിന്റെ സുസ്ഥിരമായ പ്രവർത്തനത്തിനു പരിശീലനം സിദ്ധിച്ചിട്ടുള്ള പ്രാപ്തിയും കഴിവുമുള്ള ഒരു ഉദ്യോഗസ്ഥസംഘത്തെ ഏർപ്പെടുത്തുന്നതാണു്. ഇംഗ്ലണ്ടിലും ഫ്രാൻസിലും എല്ലാം ഇപ്രകാരം പരിശീലനം സിദ്ധിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥസംഘം പ്രവർത്തനം നടത്തുന്നുണ്ടു്. മന്ത്രിസഭകൾ വരികയും പോകയും ചെയ്യുന്ന അവസരത്തിൽ ഈ ഉദ്യോഗസ്ഥസംഘമാണു് ഗവണ്മെന്റു് പ്രവർത്തനം നടത്തിക്കൊണ്ടുപോകുന്നതു്. മന്ത്രിസഭ വരികയും പോകയും ചെയ്യും. എന്നാൽ ആ സ്ഥിരം സർവീസ് അവിടെ സ്ഥിരമായി പ്രവർത്തിക്കുന്നു. ദിവസവും മന്ത്രിസഭ മാറി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടിരിക്കുന്ന ഫ്രാൻസിലെ സാമൂഹ്യവും സാമ്പത്തികവുമായ ജീവിതത്തെ സംരക്ഷിച്ചുപോരുന്നതു് ഈ ബ്യൂറോക്രസിയാണു്.

MR. G. RANACHANDRAN : ബ്യൂറോക്രസിയാണോ പെർമനൻറ് സർവീസാണോ ?

MR. A. P. UDAYABHANU : പെർമനൻറ് സർവീസുതന്നെ. ഫ്രാൻസിലെ സാമൂഹ്യവും സാമ്പത്തികവുമായ ജീവിതത്തെ മന്ത്രിസഭകളുടെ ദൈനംദിനമുള്ള മാറ്റങ്ങളും മൂലം താറുമാറാക്കാതെ രക്ഷിച്ചുവരുന്നതു് അവിടത്തെ പെർമനൻറ് സർവീസാണു്. അതുപോലെതന്നെ പാർട്ടിയിൽ ഏതാനും അംഗങ്ങളെ സമ്പാദിക്കാൻ സാധിച്ചതുകൊണ്ടോ അതിൻറെ പിൻപിൽക്കൂടുതൽ ആളുകളെ അണിനിരത്താൻ സാധിച്ചതു കൊണ്ടോ ഭരണനൈപുണ്യമോ സാമർത്ഥ്യമോ സ്വായത്തമാക്കാൻ സാധ്യമല്ല. മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും വരുന്ന മെമ്പറന്മാർക്കും പ്രസിഡണ്ടന്മാർക്കും ചെയ്യാനുള്ളതു് നയരൂപീകരണമാണു്. ജനങ്ങളുടെ അഭിലാഷങ്ങളും ആഗ്രഹങ്ങളും അറിയുക. അതനുസരിച്ചു നയംരൂപീകരിക്കുക : ഇവയാണു്. ഈ സംഗതികളെല്ലാം പ്രായോഗികമായി നടപ്പിൽ വരുത്തുന്നതു് പരിശീലനം സിദ്ധിച്ചിട്ടുള്ള അവിടത്തെ പെർമനൻറ് സർവീസാണു്. അതുകൊണ്ടാണു് അവിടെ പഞ്ചായത്തുകളും ജനപദങ്ങളും അതുപോലെയുള്ള സ്ഥാപനങ്ങളും നന്നാക്കുന്നതിനുള്ള പ്ലാൻ ഉണ്ടാക്കുവാൻ പരിശീലനം സിദ്ധിച്ചിട്ടുള്ള ഉപദേശകസമിതിയെ രൂപീകരിച്ചിട്ടുള്ളതു്. ഈ സംഗതികളിൽ പ്രത്യേകപരിശീലനവും വൈദഗ്ധ്യവും സിദ്ധിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥസംഘത്തെ പെർമനൻറ് സർവീസ് പോലെ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളതു് തദ്ദേശീയസ്ഥാപനങ്ങളുടെ വിജയത്തിനു അത്യന്താപേക്ഷിതമാണെന്നു അവർ മനസിലാക്കിയതുകൊണ്ടാണു്. സഭയുടെ മുമ്പാകെ പര്യാലോചനക്കുവച്ചിരിക്കുന്ന ഈ ബില്ലു് വായിച്ചുനോക്കിയാൽ ഓരോപഞ്ചായത്തുകൾക്കും പൂർണ്ണാധികാരം നൽകിയിട്ടുള്ളതായിട്ടാണു് കാണുന്നതു്. അല്ലാതെ ആകപ്പാടെയുള്ള ഒരു ചിത്രം ഇതിൽ ഇല്ല എന്നു് പറഞ്ഞതു് അതുകൊണ്ടാണു്. ഓരോപഞ്ചായത്തിലേയും പ്രസിഡണ്ടന്മാർക്കു ഇഷ്ടംപോലെ അവരുടെ കീഴിൽ പണിയെടുക്കുന്ന പെർമനൻറ് സർവീസിനെ മാറ്റാനും മറിക്കാനും അധികാരം നൽകിയാൽ കാര്യങ്ങൾ അഭിവൃദ്ധിപ്പെടുകയില്ല. ഈ പ്രസിഡണ്ടന്മാരെ ഓർഡെയ്ൻ ചെയ്തു പ്രവർത്തിക്കുവാനുള്ള അധികാരം ആവശ്യമുള്ള പക്ഷം ഗവണ്മെൻറിനുണ്ടായിരിക്കണം. അതുകൊണ്ടു പഞ്ചായത്തു ഗവണ്മെൻറ് നമ്മുടെ നാട്ടിൽ വരാൻപോകുന്ന ഈ അവസരത്തിൽ ഗവണ്മെൻറിൻറെ നിയന്ത്രണം ഉണ്ടായിരിക്കേണ്ടതാവശ്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly

പ്രായോഗികമായ അനുഭവം വച്ചുകൊണ്ടു നാം ഈ മാതിരിസംഗതികളെക്കുറിച്ചു ചിന്തിക്കേണ്ടതാണ്. ഇന്നു നമ്മുടെനാട്ടിൽ ധാരാളം വില്ലേജുയൂണിയനുകൾ പ്രവർത്തനം നടത്തുന്നുണ്ട്. എങ്കിലും ഇവയിൽ അധികവും എന്റെ ഒരു മാന്യസ്നേഹിതൻ പറയാറുള്ളതുപോലെ മിസ്യൂണിയനാണ്. അവിടെയെല്ലാം സർവത്ര കടിപിടിയാണുള്ളതു്. ഈ മാതിരിസ്ഥാപനങ്ങൾ കഴുപ്പമില്ലാതെ പ്രവർത്തിക്കണമെങ്കിൽ ഇവ കടിപിടികൂടുക്ക് അതീതമായി ഒരു പെർമെനന്റ് സർവീസുണ്ടായിരിക്കണം. ഇവയുടെ പ്രസിഡണ്ടുമാർക്കു ന്യായാധിപത്യം പ്രയോഗിക്കാനുള്ള അധികാരമെങ്കിലും ഉണ്ടായിരിക്കയുള്ളുവെങ്കിൽ ഇന്നു കാണുന്ന മത്സരങ്ങൾക്കും കക്ഷിമിന്നതകൾക്കും സന്ദർഭം ലഭിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം പ്രാഥമികസ്വയംഭരണസ്ഥാപനങ്ങൾ വളരെ പ്രാചീനകാലം മുതൽ നമ്മുടെ നാട്ടിൽ നിലവിലുണ്ട്. ജനാധിപത്യപരമായി വളരെ മുമ്പോട്ടുപോയിരിക്കുന്ന ഇംഗ്ലണ്ടിൽപോലും ഈ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഒരു പെർമെനന്റ് സർവീസുണ്ട് എന്ന വസ്തുത നാം വിസ്മരിക്കയല്ല എന്നുള്ളതാണ് എനിക്കു പ്രധാനമായി ഈയവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളതു്. വില്ലേജുപഞ്ചായത്തുകൾ നമ്മുടെ നാട്ടിൽ പണ്ടേക്കാലംമുതൽ രൂപംകൊണ്ടതാണ്. നമ്മുടെ നാട്ടിൽ എവിടെയെങ്കിലും വില്ലേജുപഞ്ചായത്തുകൾ നടത്തിയിട്ടുണ്ടെങ്കിൽ അതെല്ലാം കമ്മ്യൂണൽ പഞ്ചായത്തുകളാണെന്നു നാം ഓർക്കണം. അതു വിസ്മരിച്ചുകൊണ്ടു നാം മുമ്പോട്ടുപോയാൽ ഭാവി സുരക്ഷിതമായിരിക്കയില്ല. അന്യായമായ നായന്മാരുടെ ഇടയിലാണെങ്കിൽ കരനാഥന്മാരും ഈഴവരുടെ ഇടയിലാണെങ്കിൽ മുതൽപറ്റുകാരുമാണ് കാര്യങ്ങൾ നടത്തുന്നതു്.

MR. P. M. VARGHESE : കമ്മ്യൂണൽ പഞ്ചായത്തുകളിൽ അഭിപ്രായവ്യത്യാസമുണ്ടാകയില്ല.

MR. A. P. UDAYA BHANU : അതെക്കുറിച്ചല്ലാ ഞാൻ പറയുന്നതു്. എന്റെ സ്നേഹിതൻ അവിടവും ഇവിടവും കഴിഞ്ഞതിനുശേഷമാണ് വന്നിരിക്കുന്നതു്. ഈ രണ്ടു സമുദായങ്ങളെ സംബന്ധിച്ചിടത്തോളവും കമ്മ്യൂണൽ പഞ്ചായത്തുകളാണ് നടന്നുകൊണ്ടിരിക്കുന്നതു്. നായന്മാരുടെ ഇടയിൽ കരനാഥന്മാരും ഈഴവരുടെ ഇടയിൽ മുതൽപറ്റുകാരുമാണ് അവരുടെ ഇടയിലുള്ള വഴക്കുകൾ പറഞ്ഞു തീർക്കുന്നതു്. അല്ലാതെ ഈ സമുദായക്കാർക്കു പൊതുവായി ഒരു പഞ്ചായത്തുണ്ടെന്നു ഉള്ളതായി എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. എന്തായാലും മാറിയും നോക്കിയാൽ ഇങ്ങനെ പൊതുവായ ഒരു പഞ്ചായത്തുണ്ടെന്നുള്ളതായം ഇവിടെ ഇല്ലായിരുന്നുവെന്നു നമുക്ക് മനസ്സിലാക്കാം. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu]

ഫലമായിട്ടാണ് എല്ലാ അസംബ്ലിയിലും ജാതിതിരിച്ചുള്ള പട്ടികകൾ ചോദിക്കുന്നത്. അതു് ഇവിടത്തെ ഒരു പാരമ്പര്യമായിത്തീർന്നിരിക്കയാണ്. ഈ വസ്തുതയും നാം വിസ്മരിക്കാൻ പാടില്ല. ഈ പശ്ചാത്തലം മനസ്സിൽവച്ചുകൊണ്ടുവേണം നാം വില്ലേജുപഞ്ചായത്തുകളെ സമീപിക്കേണ്ടതു്. ഇന്നു രാജ്യവ്യാപകമായ തോതിൽ ദേശീയകക്ഷികളുടെ ഇടയിൽതന്നെയും മാത്സര്യങ്ങൾ നടക്കുന്നു. ആ സ്ഥിതിക്ക് വില്ലേജുപഞ്ചായത്തുകൾ പോലെയുള്ള സ്വയംഭരണസ്ഥാപനങ്ങൾ ഗ്രാമപ്രദേശങ്ങളിൽ നടപ്പിൽ വരുത്തുമ്പോൾ ഈ വർഗ്ഗീയമാത്സര്യം കൂടുതൽ രൂക്ഷമായിപ്പോകും. ഇതിനുള്ള പരിഹാരവുംകൂടി നാം കണ്ടുപിടിക്കേണ്ടതാണ്. ഇതുപോലെയുള്ള ദേശീയവിരുദ്ധനടപടികളെ അഭിമുഖീകരിക്കുവാനാണ് പെർമനന്റ് സർവീസ് ഏർപ്പെടുത്തുന്നതു്. ഇതിനു ഏക പ്രതിവിധിയായി ഡ്രാഫ്റ്റ് കാൺസ്റ്റിറ്റ്യൂഷനിൽ കൊണ്ടുവന്നിരിക്കുന്നതു് ആനുപാതികപ്രാതിനിധ്യമാണ്. ദേശീയവിരുദ്ധമായ മനോഭാവത്തെ ഇല്ലായ്മചെയ്കയും സമുദായഭിന്നതകളെ ഇല്ലായ്മചെയ്കയും ചെയ്യുന്നതിനായിട്ടാണ് അവിടെ ആനുപാതികപ്രാതിനിധ്യം വച്ചിരിക്കുന്നതു്. ഇതു് തിരുവിതാംകൂറിനെപ്പോലെയുള്ള ഒരു രാജ്യത്തിൽ പ്രായോഗികമാക്കുവാൻ സാധിക്കുമോ എന്നു എനിക്കു നിശ്ചയമില്ല. തിരുവിതാംകൂറിലെപ്പോലെ വിദ്യാഭ്യാസമുള്ള ജനങ്ങൾക്കുപോലും കൈയ്കാര്യംചെയ്യാൻ വിഷമമുള്ള ഒന്നാണു് ആനുപാതികപ്രാതിനിധ്യം. എന്നാൽ അതു പഞ്ചായത്തുകളിൽ പരീക്ഷിക്കാവുന്നതാണ്. ആനുപാതികപ്രാതിനിധ്യം നമ്മുടെ വൈരങ്ങൾക്കു ഒരു ഔഷധമായി പരിണമിക്കുമെങ്കിൽ അതു ഒരുവിജയമായിരിക്കുമെന്നാണ് എനിക്കു സഭയെ അറിയിക്കുവാനുള്ളതു്.

പിന്നീടു് എനിക്കു പറയുവാനുള്ളതു് ഇതിലെ നികുതി ചുമത്തലിനെക്കുറിച്ചാണ്. മുമ്പത്തെ ബില്ലിനെക്കാൾ ഇക്കാര്യത്തിൽ ഈ ബില്ലിൽ അധികാരം കുറച്ചിരിക്കുന്നുവെന്നാണ് എനിക്കു മനസിലാക്കാൻ സാധിച്ചിട്ടുള്ളതു്. നാലാം ചാപ്റ്ററിൽ ടാക്സ് ഫണ്ടു എന്നു പറഞ്ഞിരിക്കുന്ന ആ ഫണ്ടും മി. സി. കേശവൻ അവതരിപ്പിച്ച ബില്ലിലെ നാലാം ചാപ്റ്ററും താരതമ്യപ്പെടുത്തിനോക്കിയാൽ ചില വ്യത്യാസങ്ങൾ മനസ്സിലാക്കാവുന്നതാണ്. മി. കേശവന്റെ ബില്ലിൽ പ്രൊഫഷണൽ ടാക്സ് ഈടാക്കാനുള്ള അവകാശം ഉണ്ടായിരുന്നു. Tax on entertainment-ും അതിൽ ഉൾപ്പെട്ടിരുന്നു. അങ്ങനെ ഗണ്യ

LIBRARY ARCHIVES Kerala Legislative Assembly

മായ രണ്ടു രോഗങ്ങൾ ഈ ബില്ലിൽ വിട്ടിട്ടുണ്ട്. ഇതു രണ്ടും മൻസി പ്പാലിറ്റികൾക്കു കൊടുക്കാമെങ്കിൽ എന്തുകൊണ്ട് വില്ലേജുപഞ്ചായത്തു കൾക്ക് കൊടുത്തുകൂടാ എന്നാണ് ഞാൻ ചോദിക്കുന്നതു്. ഒരു വില്ലേജു പഞ്ചായത്തിനു ശരിയായ സാമ്പത്തികസുസ്ഥിതി ഉണ്ടെങ്കിൽ മാത്രമേ അതിനു പൊതുക്ഷേമകരമായി എന്തെങ്കിലും പ്രവർത്തിക്കാൻ സാധിക്കുക യുള്ളു. അല്ലെങ്കിൽ അതു് കുറെപേക്ക് ഞണിയാനുള്ള ഒരു ആഭരണ മായിത്തീരും. ഗവണ്മെൻറിൽനിന്നും കൊടുക്കുന്ന ധനസഹായംകൊണ്ട് ഈ വില്ലേജുപഞ്ചായത്തുകൾക്ക് കായ്മായ പ്രവർത്തനം സാധ്യമല്ല. ഗവണ്മെൻറിൽനിന്നും കൊടുക്കുന്ന കാൺടിബ്യൂഷൻ ഗവണ്മെൻറിൻെറ ഔദാര്യത്തെ ആശ്രയിച്ച് ഇരിക്കുന്നതാണ്. ഗവണ്മെൻറിനെ ആശ്ര യിക്കാതെ സ്വന്ത നിലയിൽ വരവുണ്ടാക്കുവാനുള്ള കഴിവു് അതിനുണ്ടാ കണം. എൻെറ സ്നേഹിതൻ മി. നടരാജപിള്ള പറഞ്ഞതുപോലെ നികുതിപിരിക്കുവാനുള്ള അവകാശംകൂടി വില്ലേജുപഞ്ചായത്തുകൾക്ക് കൊടുക്കുന്നതു് സൗകര്യപ്രദമായ ഒരു പദ്ധതിയാണെന്നാണ് എനിക്കു തോന്നുന്നതു്. അങ്ങനെ ചെയ്താൽ ഗവണ്മെൻറിൻെറ ഒരു ഭാരിച്ച കർത്തവ്യം പഞ്ചായത്തുമൂലം ഗവണ്മെൻറിനു നിറവേറ്റാൻ സാധിക്കും. അതേസമയത്തിൽ ഒരു നല്ല ശതമാനം വരവു് അതുമുഖാന്തിരം വില്ലേ ജുപഞ്ചായത്തിനുകിട്ടും. അങ്ങനെ വില്ലേജുപഞ്ചായത്തുകൾക്ക് മൈനർ ദിനകൃത്യങ്ങൾ നിർവ്വഹിക്കുവാനുള്ള കഴിവു് ഉണ്ടാക്കിക്കൊടുത്താൽ കെട്ടിട ത്തിൻെറ വാടകയ്ക്കും ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനും മറ്റുമുള്ള മാറ്റ ങ്ങൾ ഉണ്ടാകുന്നതാണ്. അല്ലാത്തപക്ഷം വില്ലേജുപഞ്ചായത്തുമൂലം ജനങ്ങൾക്ക് പ്രയോജനം ഉണ്ടാകാൻപോകുന്നില്ല. ഭരണനിർവഹണം ശരിയായി നടക്കണമെന്നുണ്ടെങ്കിൽ വില്ലേജുപഞ്ചായത്തുകൾക്ക് സാര മായ വർദ്ധമാനം ഉണ്ടാകേണ്ടതാണ്. അതിൻെറ ഒരു പദ്ധതി രൂപവൽ കരിക്കുന്ന ഈ അവസരത്തിൽ ഈവക കാര്യങ്ങളെല്ലാം പ്രത്യേകം പരി ഗണിക്കേണ്ടതാണ്. നാം കരകൗതോറും ഓരോ ചെറിയ പഞ്ചായ ത്തുകൾ ഉണ്ടാക്കാൻ തുടങ്ങിയാൽ ഓരോ കരപ്രമാണിയും ആ കര യുടെ സർവ്വാധിപതിയായിപ്പോകും. അതുകൊണ്ട് ഒരോ പ്രമാണിക്കും പ്രത്യേകം പ്രത്യേകം വില്ലേജുയൂണിയൻ കൊടുത്താൽ ജനങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടാകയില്ല. വില്ലേജുയൂണിയനുകൾ സ്വയം പര്യാപ്തമായിത്തീരുന്നതിനുള്ള സകല ഏർപ്പാടുകളും ചെയ്യേണ്ടതാണ്. ഇതിനൊന്നും ആവശ്യമായ വ്യവസ്ഥകൾ ചെയ്യാതെ ഒരു ആക്റ്റു ഉണ്ടാക്കിയതുകൊണ്ട് പ്രയോജനമൊന്നുമില്ല. ആവശ്യമുള്ള വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu]

കളില്ലാതെ പഞ്ചായത്തുകൾ സൃഷ്ടിച്ചാൽ വില്ലേജിൽ അരാജകത്വ മുണ്ടാകുകയെന്നുള്ളതാണ് ഫലം. അതിനുള്ള പശ്ചാത്തലം സൃഷ്ടി ക്കാതിരിക്കത്തക്കവണ്ണം ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തിയി ല്ലെങ്കിൽ വില്ലേജു പഞ്ചായത്തുകൾ നാം വിചാരിക്കുന്നതുപോലെ ഗുണം ചെയ്കയില്ലെന്നു മാത്രമല്ല കുഴപ്പങ്ങൾ വർദ്ധിപ്പിക്കുകയും പ്രയോജന ത്തിനു പകരം അപകാരം ഉണ്ടാക്കുകയും ചെയ്യും. ഇന്ത്യയിലെ എല്ലാ പ്രവിശ്യകളിലും നടത്തിക്കൊണ്ടിരിക്കുന്നതും പരീക്ഷിച്ചുനോക്കിക്കൊണ്ടി രിക്കുന്നതുമായ പദ്ധതികൾ സൂക്ഷ്മാവലോകനം ചെയ്ത ശേഷമേ ഒരു ശരിയായ പഞ്ചായത്തുപദ്ധതി നാം തയാറാക്കാവു എന്നുമാത്രമേ എനിക്ക് ഈ അവസരത്തിൽ സഭയെ അനുസ്മരിപ്പിക്കുവാനുള്ളൂ.

MR. K. K. CHELLAPPAN PILLAI : സർ, വില്ലേജു പഞ്ചായത്തിനെ പ്പറ്റി വളരെ പ്രസംഗങ്ങൾ ഇവിടെ നടന്നു. ബില്ലിനെ സംബന്ധി ച്ചുള്ള അനേകകാര്യങ്ങളും ഇവിടെ വിശദീകരിക്കപ്പെട്ടു. അതിനാൽ അതെ സംബന്ധിച്ചു കൂടുതൽ പറയേണ്ടതായിട്ടില്ല. എങ്കിലും അതിൽ ഉന്നയിച്ചിരിക്കുന്ന ഒന്നു രണ്ടു കാര്യങ്ങളെ ഇവിടെ ചൂണ്ടിക്കാണിക്കണ മെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഈ ബില്ലിന്റെ ഒൻപതും പതി നൊന്നും സെക്ഷനുകളിൽനിന്നു മനസിലാകുന്നു, ഉടനെ സാധാരണ മുനിസിപ്പാലിറ്റികളിലും നിയമസഭകളിലും ആളുകളെ തെരഞ്ഞെടു ക്കുന്ന മാതിരി തെരഞ്ഞെടുക്കുന്ന ഒരു കമിതിയായിട്ടാണ് ഇവിടെ വിഭാ വന ചെയ്യപ്പെട്ടിരിക്കുന്നതെന്നു്. എന്നാൽ ഇങ്ങനെ തെരഞ്ഞെടുക്ക പ്പെട്ടവർ ജനങ്ങൾക്കു ക്ഷേമകരമാംവിധം കാര്യങ്ങൾ നിർവ്വഹിക്കുന്ന തിനു മുമതലപ്പെട്ടവരാണെങ്കിലും അങ്ങനെ ചെയ്യാതിരുന്നാൽ അവ രുടെ കൃത്യവിലോപനത്തിന് എതിരായി എന്തെങ്കിലും നടപടി എടു ക്കുവാനോ, അവരെ തിരിച്ചു വിളിക്കാനോ ഒരു ക്വൊക്കാലത്തേക്കു ജന ങ്ങൾക്ക് അധികാരമില്ലെന്നു സമ്മതിക്കുന്ന നിയമങ്ങളാണു നിലവില ള്ളതു്. ഈ ബില്ലിലും അങ്ങനെതന്നെ. പ്രതിനിധികൾ എന്തെല്ലാം തെറ്റുകൾ ചെയ്താലും പഞ്ചായത്തുകളിൽ തുടരെ നിശ്ചിതകാലം മുഴു വൻ ഇരിക്കാമെന്നുള്ള വ്യവസ്ഥയാണുള്ളതു്. തെരഞ്ഞെടുക്കപ്പെട്ടവ രിൽ പലരും ആ സ്ഥാനത്തു് ചെന്നതിൽ പിന്നെ ജനങ്ങളുടെ ആവശ്യം ശരിയായി നിർവ്വഹിക്കാതിരിക്കുന്നതു് നാം പല അവസരങ്ങളിലും കാണു ന്നുണ്ടു്. അതിനൊരു പരിഹാരമായി പ്രതിനിധികൾ ഏതു സ്ഥലത്തു നിന്നും തെരഞ്ഞെടുക്കപ്പെട്ടുവോ അവിടത്തെ സമ്മതിദായകന്മാരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോയന്നസരിച്ചും ന്യായമായ കാരണത്തെ അടിസ്ഥാനപ്പെടുത്തിയും അവരെ മാറ്റുന്നതിനും പേറെ ആളെ തെരഞ്ഞെടുത്തയയ്ക്കുന്നതിനും ആവശ്യമായ മാറ്റങ്ങളും ഈ ബില്ലിലെ വ്യവസ്ഥകളിൽ വരുത്തണമെന്നാണ് എനിക്കു പറയുവാനുള്ളത്. അപ്പോൾ തെരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാർക്കു കൂടുതൽ ചുമതലാബോധവും നീതിബോധവും ഉണ്ടാകാതെ നിവൃത്തിയില്ലെന്ന പരിതഃസ്ഥിതി ഉണ്ടാകുമെന്നുള്ളതു സ്പഷ്ടമാണ്. ഈ നടപടിയാണ് ഇന്നു റഷ്യയിൽ കാണുന്നതു്.

പ്രയോഗത്തിൽ വ്യത്യാസമുണ്ടെങ്കിലും യു. പി. യിലെ പഞ്ചായത്തു ഭരണനിയമത്തിലും ഈ തത്വം ദൃശ്യമാണ്. അവിടത്തെ ബിൽ അതേപടി കാണുന്നതിനും വായിക്കുന്നതിനും സാധിച്ചില്ലെങ്കിലും അതെപ്പറ്റിയുള്ള വിവരണവും വിമർശനവും ഞാൻ വായിച്ചിട്ടുണ്ടു്. അതിൽ നിന്നു കിട്ടിയ അറിവു വച്ചുനോക്കിയാൽ ഇവിടെ കൊണ്ടുവന്നിട്ടുള്ള ബിൽ ജനങ്ങൾക്കു് ഉപകാരപ്രദമായ രീതിയിൽ ഇവിടെ നടപ്പാക്കുന്നതിനു ആവശ്യമായ ഭേദഗതികൾ ഇനിയും വരുത്തേണ്ടിയിരിക്കുന്നു. യു. പി. യിലെ രീതി മദ്രാസിലും, സി. പി. യിലും, മൈസൂറിലും നടപ്പിലിരിക്കുന്ന രീതിയിൽനിന്നു തുലോം ഭിന്നവും തികച്ചും ജനായത്തപരമെന്ന നിലയിൽ വിപ്ലകരവും ആണ്. അവിടെ ഒരു വില്ലേജിൽ കുറഞ്ഞതു പ്രായപൂർത്തി തികഞ്ഞവരെല്ലാംകൂടി ചേർന്നാണു ഒരു പഞ്ചായത്തു്. ആ പഞ്ചായത്തിന്റെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള ഒരു സമിതി മാത്രമാണു ജനങ്ങൾ തെരഞ്ഞെടുക്കുന്ന ചെറിയ കൗൺസിൽ. പ്രായപൂർത്തിയുള്ളവരെല്ലാം ചേർന്ന ആ പഞ്ചായത്തിലാണ് അധികാരം സ്ഥിതിചെയ്യുന്നതു്. തെരഞ്ഞെടുക്കപ്പെട്ടസമിതി വെറും നിർവ്വാഹകസമിതിമാത്രമാണ്. നിയമം ഉണ്ടാക്കുന്നതും ബഡ്ജറു പാസാക്കുന്നതും എല്ലാം ജനങ്ങൾതന്നെയാണ്. ജനങ്ങളിലാണ് എപ്പോഴും പരമാധികാരം സ്ഥിതി ചെയ്യുന്നതു് എന്നാണ് ഞാൻ പറയുന്നതു്. ഇവിടെയും ആ പദ്ധതി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. യു. പി. യിലുള്ള ഗ്രാമസമൂഹങ്ങളെല്ല നമ്മുടേതെന്നു ഞാൻ മനസിലാക്കുന്നു. എങ്കിലും ആ തത്വം അംഗീകരിക്കുന്നതിൽ യാതൊരു വൈഷമ്യവും ഞാൻ കാണുന്നില്ല.

ആ വസ്തുത മനസിൽവച്ചുകൊണ്ടു തന്നെയാണു ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ ആ വാർഡിലെ സമ്മതിദായകന്മാരുടെ ആജ്ഞാകാരന്മാരായി പഞ്ചായത്തിൽ അനുദിനം പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തത്തക്കവിധത്തിൽ നിയമാവലി സൃഷ്ടിക്കണമെന്നു് ആവശ്യപ്പെട്ടന്നതു്. ഇന്നത്തെ രീതിയിൽ കുറെ കമ്മിറ്റിമെംബറന്മാരെ കുറെക്കാലത്തേയ്ക്കു് ഇഷ്ടംപോലെ ബഡ്ജറ്റു പാസാക്കലും കരം ഈടാക്കലും ഇതര പ്രവർത്തനങ്ങളും നടത്താൻ ഉള്ള അധികാരത്തോടുകൂടി വിട്ടാൽ സ്വയംഭരണം സ്വയംമരണമായി കലാശിക്കുമെന്നുള്ളതിൽ എനിക്കു യാതൊരു സന്ദേഹവുമില്ല. ഓരോ വാർഡിലേയും പൊതുവെ ഗ്രാമത്തിലെയും ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങളേയും ആവശ്യങ്ങളേയും മുൻനിറുത്തിയും അവരുടെ പൊതുയോഗത്തിലെ അഭിപ്രായം അനുസരിച്ചും അനുദിനം പ്രവർത്തനം നടത്താൻ പഞ്ചായത്തുസമിതി അംഗങ്ങളെ നിർബ്ബന്ധിക്കുന്ന നിയമങ്ങളാണു സൃഷ്ടിക്കേണ്ടതു്. അങ്ങനെ ചെയ്യാത്തമെമ്പറെ മാറ്റി വേറെ ആളെ ആക്കാനുള്ള അധികാരവും ജനങ്ങൾക്കുണ്ടായിരിക്കണം. ജനപ്രതിനിധികളുടെ അധികാരദുർമ്മോഹത്തേയും സ്വാർത്ഥതയേയും നിഷ്ഫലമാക്കുന്നതിനുള്ള ഒരു പോംവഴി അവരെ നിയന്ത്രിക്കുന്നതിനുള്ള ചുമതലയും അധികാരവും പൊതുജനങ്ങൾക്കു കൊടുക്കുക എന്നതാണു്. ഇത്തരത്തിൽ മാത്രമെ ഇവിടെയും ഇൻഡ്യയിലും ജനായത്തഭരണം ശരിയായ ലക്ഷ്യത്തിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. അധികാരം എന്നപോലെ ഉത്തരവാദിത്വവും സാധാരണ ജനങ്ങൾക്കു കൊടുത്തു് സാവധാനത്തിൽ നമുക്കു മുൻപോട്ടുപോകാൻ സാധിക്കും. പൊതുജനങ്ങളെ കവച്ചുവയ്ക്കുന്ന അധികാരദുർമ്മോഹിയെ നിയന്ത്രിക്കാൻ അവക്കു് സാധിക്കും എന്നുള്ളതിനു തർക്കമില്ല. ഓരോ ഗ്രാമവാസിക്കും അവന്റെ ഗ്രാമത്തെക്കുറിച്ചു് എത്ര ചുമതലയുണ്ടെന്നുള്ള ബോധം അവനിൽ ഉണ്ടാക്കാൻ നാം യത്നിച്ചാൽമാത്രം മതിയാകും. ആ ഉത്തരവാദിത്വബോധം അവന്റെ പ്രതിനിധികളിലും അവൻ സംക്രമിപ്പിക്കുകതന്നെ ചെയ്യും.

വികേന്ദ്രീകരണത്തെപ്പറ്റി ഇവിടെ പറഞ്ഞുകഴിഞ്ഞു. പ്രാദേശികാവശ്യങ്ങൾ ഇപ്പോൾ നിർവ്വഹിക്കുന്നതെങ്ങനെയെന്നു നമുക്കറിയാം. ഒരിടത്തു പാലം ഉണ്ടാക്കണമെങ്കിൽ അതിനു് എത്ര ബുദ്ധിമുട്ടും കാലതാമസവും ഉണ്ടെന്നു് എല്ലാവർക്കും അറിയാവുന്നതാണു്. അധികാരം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നതിൽനിന്നുള്ള ദോഷമാണതു്. മാവേലിക്കരയാണെങ്കിൽ ഒരു പാലം പൊളിഞ്ഞുപോയിട്ടു നാലുവർഷമായി. പാലത്തിൽ വിണ്ടു് ആളുകൾക്കു അപകടം വരുന്നുണ്ടു്. അതേപ്പറ്റി ഗവണ്മെന്റിനെ അറിയിച്ചപ്പോൾ, എസ്റ്റിമേറെല്ലാം തയാറായിക്കഴിഞ്ഞു;

LIBRARY ARCHIVES Kerala Legislative Assembly

ഉടനെ പണിയുമെന്നെല്ലാം പറഞ്ഞു. പക്ഷെ പാലം ഇതുവരെ പണിഞ്ഞിട്ടില്ല. ഇന്നത്തെ നിലയ്ക്ക് എന്നു പണിയുമെന്നും അറിവില്ല. ഈ മാതിരിയുള്ള പ്രാദേശികാവശ്യങ്ങൾ എല്ലാംതന്നെ വില്ലേജുപഞ്ചായത്തുകൾ മുഖാന്തിരം നടത്തുകയാണെങ്കിൽ മാത്രമെ നടപ്പിലാകയുള്ളൂ. അതുകൊണ്ട് ഇന്നത്തെപോലെയുള്ള ഒരവസ്ഥ വരാതിരിക്കത്തക്കവണ്ണം വില്ലേജുപഞ്ചായത്തുകൾക്ക് അധികാരം വികേന്ദ്രീകരിക്കേണ്ടതു ആവശ്യമാണ്.

ഇന്നു നാട്ടുകാരുടെ കൃഷിക്കാവശ്യമായ വളം കൊണ്ടുവരുന്നതിനും വിളവെങ്ങൾ വിറ്റഴിക്കുന്നതിനു ചന്തയിൽ കൊണ്ടുപോകുന്നതിനും റോഡു ആവശ്യമാണ്. അതുകൊണ്ടു വില്ലേജുകളിൽ ആവശ്യമായ റോഡുകൾ നിർമ്മിക്കുന്നതിനും പാലങ്ങൾ ഉണ്ടാക്കുന്നതിനും മറ്റും അതതു വില്ലേജു പഞ്ചായത്തു മുഖാന്തിരം നടപടികൾ നടത്താവുന്നതാണ്. അതിന്റെ മെയിന്റനൻസു് മുതലായവ അവർക്കു വിട്ടുകൊടുക്കേണ്ടതാണ്.

എനിക്കു വേറൊരു കാര്യം പറയാനുള്ളതു് ഒരു മിതമായതോതിൽ ക്രിമിനലും സിവിലും ജൂറിസ്ഡിക്ഷൻ ക്രമേണ അവർക്കു കൊടുക്കുന്നതു് നന്നായിരിക്കും എന്നാണ്. ഗ്രാമത്തിൽ സമാധാനം പാലിക്കുന്നതിനുള്ള അവകാശവും അതാതു ഗ്രാമപഞ്ചായത്തുകൾക്കുണ്ടായിരിക്കണം. റഷ്യയിൽ ഇപ്രകാരമാണ് നടക്കുന്നതു്. ക്രമേണ തൊഴിൽ ഇല്ലാത്തവർക്ക് തൊഴിൽ ഉണ്ടാക്കി കൊടുക്കുന്നതിനുള്ള പ്രധാനചുമതലയും പഞ്ചായത്തുകൾക്കുണ്ടായിരിക്കണം. കോവാപ്പറേറീവു് കമ്മിട്ടിവേഷൻ നടത്തുന്നതിനുള്ള നടപടികൾ എടുക്കുന്നതിനുള്ള ബാദ്ധ്യതയെ ഉൾപ്പെടുത്തുന്ന ചില പ്രത്യേക വ്യവസ്ഥകൾകൂടി ഈ ബില്ലിൽ ചേർക്കേണ്ടതാണ്. ഞാൻ ഈ ബില്ലിന്റെ തത്വത്തോടു അനുകൂലിച്ചുകൊള്ളുന്നു.

The House adjourned at 4-30 P. M.

V. KRISHNAMOORTHI AIYAR,
Secretary, Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly